മാഗസിൻ

little KITEs

ഉഷസ്സ്

ഗവ. മോഡൽ എച്ച് എസ്സ് എസ്സ് വെങ്ങാനൂർ
തിരുവനന്തപുരം

അജ്ഞാനമാം അന്ധകാരമകറ്റി
ജ്ഞാനദീപത്തിൻ വെളിച്ചമേകി
സർഗ്ഗവൈഭവത്തിൻ സൃഷ്ടികൾ
സമർപ്പിക്കുന്നിവിടെയീ
'ഉഷസ്സി'ൻ താളുകളിൽ....

സന്ദേശം

*വിവര സങ്കേതിക വിദ്യയുടെ ലോകമാണിന്ന്. വിദ്യാഭ്യാസവും അതിനനുസരിച്ച് മാറുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കൊപ്പം വിവരസാങ്കേതികവിദ്യയിൽ കരുത്താർജ്ജിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിവരസാങ്കേതികവിദ്യയിലുള്ള പരിജ്ഞാനം കുട്ടികളുടെ പഠനമികവിനേയും സർഗ്ഗവാസനയേയും പരിപോഷിപ്പിക്കുമെന്നതിൽ തർക്കമില്ല. കുഞ്ഞുങ്ങൾ വളരെ വേഗം സാങ്കേതിക വിദ്യ വശമാക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ നൂനത സങ്കേതങ്ങൾ ഉപയോഗിച്ച് ഗവ.മോഡൽ എച്ച്.എസ്.എസ്. വെങ്ങാനൂർ **ലിറ്റിൽ കൈറ്റ്സും വിദ്യാരംഗംക്ലബ്ബും** സംയുക്തമായി തയ്യാറാക്കിയ **'ഉഷസ്സ്'** എന്ന ഡിജിറ്റൽ മാഗസിനിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.*

കല ബി കെ

ഹെഡ്മിസ്ട്രസ്

ആശംസ

വെങ്ങാന്നൂർ ഗവ.മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് - *വിദ്യാരംഗംക്ലബ്ബ്* അംഗങ്ങൾക്ക് നന്മകൾ നേരുന്നു. ലിറ്റിൽ കൈറ്റ്സിലൂടെ ഒരു നവയുഗം പുലരട്ടെ എന്നാശംസിക്കുന്നു.

പ്രിൻസിപ്പൽ

റാണി എൻ ഡി

ആശംസ

ആധുനിക വിദ്യാഭ്യാസം ശാസ്ത്രസാങ്കേതികതയിൽ മികവുറ്റതായി മാറിയിരിക്കുന്നു. ഐ. റ്റി. മേഖലയിലെ ലിറ്റിൽ കൈറ്റ്സ്-വിദ്യാരംഗംക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കുന്ന മാഗസിനിൽ അറിവിന്റെയും നിറവിന്റെയും സർഗ്ഗശേഷി വിഭാവനം ചെയ്യുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അദ്ധ്യാപകർക്കും എന്റെ ആശംസകൾ.

എസ് സുനിൽകുമാർ

പി ടി എ പ്രസിഡൻറ്

എഡിറ്റോറിയൽ

'ഉഷസ്സ് 'എന്ന ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് വിദ്യാരംഗംക്ലബ്ബ് അംഗങ്ങളുടെ കൂട്ടായ സംരംഭമാണ്. ഞങ്ങൾക്ക് ഇതൊരു പൊൻപുലരി ആണ്. കഥകളുടെയും കവിതകളുടെയും ലേഖനങ്ങളുടെയും ചിത്രങ്ങളുടെയും മാത്രമല്ല, ഈ മാഗസിൻ ചിട്ടപ്പെടുത്തിയെടുത്ത പ്രവർത്തനങ്ങളുടെയും കൂടി കോർത്തിണക്കലാണ്. ഇനിയും വളരാനുണ്ട്. ഉയരങ്ങ ളിൽ എത്താനുള്ള ചവിട്ടു പടിയാണ് നമ്മുടെ ഈ പ്രവർത്തനങ്ങൾ. ഇതിൽ ഭാഗഭാക്കുകളായ എല്ലാ ലിറ്റിൽ കൈറ്റ്സുകൾക്കും വിദ്യാരംഗംക്ലബ്ബ് അംഗങ്ങൾക്കും മറ്റു വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവൺമെൻറ് മോഡൽ എച്ച്എസ്എസ് വെങ്ങാനൂർ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സർക്കാർ സംവിധാന ങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ഇനിയും നമുക്ക് ഇതുപോലുള്ള നല്ല സംരംഭങ്ങൾക്ക് അവസരം ഉണ്ടാകട്ടെ .

ലിറ്റിൽ കൈറ്റ് നന്ദൻ എം

ചീഫ് എഡിറ്റർ

എഡിറ്റോറിയൽ ബോർഡ്

ഹെഡ്മിസ്ട്രസ്

ബി.കെ.കല

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാർ

1. പി.ആർ.ദീപ

2. കെ.എസ്.ശ്രീജ

വിദ്യാരംഗം കൺവീനർ

ലീനാകുമാരി എൻ എൽ

ചീഫ് എഡിറ്റർ

ലിറ്റിൽ കൈറ്റ് എം.നന്ദൻ

സബ് എഡിറ്റേഴ്സ്

വിദ്യാരംഗം	ലിറ്റിൽ കൈറ്റ്സ്
1. ആദിത്യപ്രസാദ്	2.നന്ദു കൃഷ്ണ.എ
3. അശ്വിൻ.ജെ.എസ്	4.വിശാഖൻ.പി.എൽ
5. ഷാനിയ.എസ്	6. നന്ദനാരാജേഷ്

കവർ ചിത്രം

ബെൻസൺ ബാബു ജേക്കബ് 8 ബി

ക്യാമറ

ലിറ്റിൽ കൈറ്റ് കാർത്തിക് എസ് എ

സമർപ്പണം

ഗവൺമെൻറ് മോഡൽ എച്ച്എസ്എസ്

വെങ്ങാനൂരിലെ

ലിറ്റിൽ കൈറ്റ്സും വിദ്യാരംഗം കലാസാഹിത്യവേദിയും

സംയുക്തമായി തയാറാക്കിയ

ഡിജിറ്റൽ മാഗസിൻ

' ഉഷസ്സ് 2019 '

സവിനയം സമർപ്പിക്കുന്നു

ഉള്ളടക്കം

ആമുഖം.....11
നമ്മുടെ വിദ്യാലയം.....12
ലിറ്റിൽകൈറ്റ്സ്.....15
ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ഭരണ നിർവ്വഹണ സമിതി.....16
വിദ്യാരംഗം കലാസാഹിത്യവേദി.....17
മാതൃഭാഷ വളരട്ടെ.....17
കുട്ടികളോട്.....18
ഓണക്കാലവും മുത്തശ്ശിയും.....19
സ്നേഹം.....20
കുട്ടിയുടെ പ്രാർത്ഥന.....21
ഒരു മത്സരത്തിന്റെ ഓർമ്മയിലൂടെ.....23
മാഞ്ഞുപോയ നിമിഷങ്ങൾ.....25
പുഴ.....28
സമയം.....28
കിളിയമ്മയുടെ സ്നേഹം.....29
ചെന്തുരുണിയിൽ.....30
ഓണപ്പാട്ട്.....32
ശാസ്ത്രം പുരോഗതിയിലേയ്ക്ക്.....33
സ്കൂൾ വിക്കി.....38
സ്കൂൾ വിക്കി അവാർഡ്.....39
ഉറങ്ങൂ നീ.....40
ഉറങ്ങാത്ത രാത്രി.....42
കിനാവ്.....46
കടങ്കഥകൾ.....47
കാലം.....49
ശാസ്ത്രപഠനം.....50

ഹൈടെക് ക്ലാസ് മുറികൾ....52
അമ്മക്കിളിയും രണ്ട് കുഞ്ഞുങ്ങളും....53
2018-19 പഠനവിനോദയാത്ര....54
ആത്മ സഖി....62
കൂട്ടി....63
പഴഞ്ചൊല്ലുകൾ....65
സ്വപ്നം....66
ആഗോളതാപനം....69
കൊച്ചനുജൻ....71
ചെറുതുള്ളി....71
മുത്തശ്ശിമാവ്....72
മാതൃസ്നേഹം....74
മറക്കാൻ കഴിയാത്ത ഒരു പുലർക്കാലം....75
ഞാൻ ഭാരതീയനാണ്....77
വിധിയുടെ മുഖം മൂടി....79
Poem....81
Mother my Angel !....81
GREAT THOUGHTS....82
MAY....83
Poem....84
TEACHER....84
THE SAD PRINCESS....85
ज़िंदगी....86
സെൽഫി....87

ആമുഖം

ഇന്നത്തെ ലോകം വിവരസാങ്കേതിക വിദ്യയുടെ കൃതിച്ചു കയറ്റത്തിലാണ്. വിദ്യാഭ്യാസം എന്നത് ഒരു വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെയും സർവ്വതോന്മുഖമായ വളർച്ചയാണ്. കലാ-കായിക-പഠന രംഗങ്ങളിലെ മികവിന് വിവരസാങ്കേതികവിദ്യയുടെ സ്പർശം കൂടി ഉണ്ടാകണം. ഈ മാഗസിൻ, കഥകളുടെയും കവിതകളുടെയും ലേഖനങ്ങളുടെയും വെറും ശേഖരമല്ല. ഐടി സങ്കേതങ്ങളുടെ കലാപരമായ അവതരണം കൂടിയാണ്. നാം സ്വപ്നം പോലും കാണാത്ത സൗഭാഗ്യമാണ് ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സർക്കാർ ലഭ്യമാക്കിയിരിക്കുന്നത്. ഇവ പ്രയോജനപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിൻ ഏവർക്കും ഉയരങ്ങൾ കീഴടക്കാനുള്ള പ്രചോദനമായി മാറട്ടെ .....

ലേഖനം

നമ്മുടെ വിദ്യാലയം

പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളിക്കും പറയാനുണ്ടാവും ഒരായിരം കഥകൾ - പുതുമയുടെ പാതകൾ വെട്ടിത്തെളിക്കാൻ വെളിച്ചം പകർന്ന കടന്നുപോയ കാലത്തെക്കുറിച്ച്, വ്യക്തികളെക്കുറിച്ച്, സംഭവങ്ങളെക്കുറിച്ച്. കഴിഞ്ഞ 135 വർഷങ്ങളായി നവോത്ഥാനത്തിന്റെ പാതയിലേക്ക് കുതിക്കുകയാണ് ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂൾ, വെങ്ങാനൂർ. വെങ്ങാനൂർ നാട്ടിലെ ജനതയ്ക്ക് കരുത്തും അറിവും പകർന്നനൽകിയ സരസ്വതി ക്ഷേത്രമാണിത്. അക്ഷരം അഗ്നിയാണ് അത് നന്മയുടെ പാഠങ്ങൾ മാനവ ഹൃദയത്തിൽ ആളിപ്പടർത്താൻ അക്ഷരങ്ങൾക്ക് കഴിയും. ഹൃദയത്തിൽ നിന്നും അടർന്ന വീഴുന്ന സുഗന്ധമുള്ള പൂക്കൾ ആണ് വാക്കുകൾ.

കാലാകാലങ്ങളായി ജാതിപരമായും സാംസ്കാരികമായും സാമൂഹികമായും അടിമത്തത്തിൽ ആണ്ടു കിടക്കുന്ന മാനവകുലത്തിന് ഉയർത്തെഴുന്നേൽക്കാനും അവകാശങ്ങൾക്കും നീതിക്കും വേണ്ടി പോരാടാനും ശക്തി നൽകിയത് അക്ഷരമാണ്. ചരിത്രപ്രസിദ്ധമായ വെങ്ങാനൂർ നാട്ടിലെ സാധാരണ ജനങ്ങൾക്ക് വിദ്യ പകർന്ന് തല ഉയർത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയം. അക്ഷരലോകം സ്വപ്നമായി കണ്ടിരുന്ന സാധാരണകാർക്ക് വിദ്യയുടെ വെളിച്ചം പകർന്ന കൊടുക്കാൻ ആരംഭിച്ച ഈ സർക്കാർ വിദ്യാലയം വർഷങ്ങൾ പിന്നിടുമ്പോൾ ഉയർച്ചയുടെ പടവുകൾ താണ്ടി ഏറെ ഉയരത്തിൽ ആണ്. ആദ്യം പഠന മികവിലൂടെ മാത്രം ശ്രദ്ധ പിടിച്ചു പറ്റിയ ഈ വിദ്യാലയം ഇന്ന് എല്ലാമേഖലകളിലും നേട്ടങ്ങൾ കൊയ്യുന്നു. എല്ലാ നേട്ടങ്ങളും കഠിനാധ്വാനം കൊണ്ട്

പിടിച്ചെടുക്കാൻ നമുക്ക് സാധിച്ചു. പൊതുവിദ്യാലയങ്ങൾ മാറ്റത്തിന്റെ കാഹളം മുഴക്കാൻ തുടങ്ങിയപ്പോൾ മുൻനിരയിൽ തന്നെ നാം സ്ഥാനം പിടിച്ചു.

കാലത്തിന്റെ കുതിപ്പിനനുസരിച്ച് ലോകത്തിന്റെ നെറുകയിൽ എത്താൻ വിവരസാങ്കേതികവിദ്യ കുറച്ചൊന്നുമല്ല മാനവസമൂഹത്തെ സഹായിച്ചത്. പൊതുവിദ്യാലയങ്ങൾക്ക് അപ്രാപ്യമായിരുന്ന വിവരസാങ്കേതികവിദ്യ സാധാരണക്കാരന്റെ കുഞ്ഞുങ്ങളുടെ മനസ്സിലും വിരൽത്തുമ്പിലും വർണ്ണചിത്രങ്ങൾ രചിച്ചു കഴിഞ്ഞു. നമ്മുടെ വിദ്യാലയം സ്മാർട്ടായി! നമ്മുടെ കുട്ടികൾ സ്മാർട്ടായി! ലോകത്ത് നടക്കുന്ന എന്തും കണ്ടുംകേട്ടും വർണ്ണപ്പൊലിമയോടെ, ഏറെ കൗതുകത്തോടെ പഠനം രസകരവും ആകർഷകവും ആക്കാൻ സ്മാർട്ട് ക്ലാസ് റൂമുകൾ അനുയോജ്യമാണ് . ജാതി വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ ഒരു ക്ലാസ് മുറിയിൽ നാലുചുമരുകൾക്കുള്ളിൽ കളിച്ചും ചിരിച്ചും അക്ഷരപൂക്കൾ വാരിയെടുക്കുന്ന കുരുന്നു മുഖങ്ങൾ കാണാനും കണ്ട് സായൂജ്യമാക്കാനും ഇന്ന് സാധിക്കും. അറിവിന്റെ എത്താകൊമ്പുകൾ, പൂവുകൾ, കൺമുന്നിൽ, വിരൽത്തുമ്പിൽ, തെളിയുമ്പോൾ കുഞ്ഞുമനസ്സുകളിൽ വർണരാജികൾ വിരിയുന്നു.

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

. ഭ്രരിപക്ഷം വരുന്ന സാധാരണ കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്താനായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് കേരളം മുഴുവൻ അറിയപ്പെടുന്ന നിലയിൽ വളർന്നു നിൽക്കുന്നു. ഈ സരസ്വതി ക്ഷേത്രം ഈ നാടിനെ മാത്രമല്ല ഈ സംസ്ഥാനത്തെത്തന്നെ കീഴടക്കിക്കഴിഞ്ഞു. വിവരസാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നതിൽ ലോകത്തോളം വളർന്നുകഴിഞ്ഞു നമ്മുടെ വിദ്യാലയം. സംസ്ഥാനതലത്തിൽ മിന്നിത്തിളങ്ങാൻ നമുക്കും സാധിച്ചു. കാലം കാത്തുവച്ച ഓരോ അനുഭവവും തലമുറകൾക്ക് പകർന്നു നൽകാനും മനുഷ്യമനസ്സിൽ മാറ്റത്തിനു കാഹളം മുഴക്കാനും അക്ഷരങ്ങൾക്ക് കഴിയും. ഓർമകളുടെ ഇടവഴികൾ പൊട്ടിച്ചിതറിയ വളപ്പൊട്ടുകൾ പെറുക്കിക്കൂട്ടിയ അനുഭവങ്ങളുടെ കൂടാരം ആണിത്.

കെ ഷില

മലയാളം അധ്യാപിക

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

ലേഖനം

ലിറ്റിൽകൈറ്റ്സ്

കുട്ടികളെ വിവരവിനിമയ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരായി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒൻപതാം ക്ലാസ്സിലെ കുട്ടികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ 2018 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ്. ലിറ്റിൽകൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ഫെബ്രുവരി 22-ാം തീയതി ബഹുമാനപ്പെട്ട **മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ** തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നിർവ്വഹിച്ചു. ആദ്യ ഘട്ടത്തിൽത്തന്നെ ഗവൺമെൻറ് മോഡൽ എച്ച്.എസ്.എസ് വെങ്ങാനൂരിൽ ലിറ്റിൽ കൈറ്റ്സ് നടപ്പിലാക്കി.

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്)

കുട്ടികൾക്ക് വേണ്ടി നടത്തുന്ന ലിറ്റിൽ കൈറ്റ്സ് സംരംഭം വളരെ പ്രശംസനീയമാണ്. കുട്ടികളിൽ വിവര വിനിമയ സാങ്കേതിക വിദ്യാരംഗത്ത് താത്പര്യം ജനിപ്പിക്കുന്ന ഒട്ടനവധി പ്രവർത്തനങ്ങളുമായി എത്തിയ ലിറ്റിൽ കൈറ്റ്സിൽ ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ വെങ്ങാന്നൂരിൽ 40 അംഗങ്ങളുണ്ട്. കൈറ്റിന്റെ നിർദ്ദേശാനുസരണം നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ് നടത്തിയത്. പി. ആർ. ദീപ, കെ. എസ് ശ്രീജ എന്നീ അധ്യാപകർ കൈറ്റ്സ് മിസ്ട്രസ്സുമാരായി പ്രവർത്തിച്ചു വരുന്നു.

ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ഭരണ നിർവ്വഹണ സമിതി

ചെയർമാൻ	എസ് സുനിൽ കുമാർ (പിടിഎ പ്രസിഡൻറ്)
കൺവീനർ	കല ബി കെ (ഹെഡ്മിസ്ട്രസ്)
വൈസ് ചെയർപേഴ്സൺ	ബിന്ദു (എംപിടിഎ പ്രസിഡൻറ്) സജിത (പിടിഎ വൈസ്പ്രസിഡൻറ്)
ജോയിൻറ് കൺവീനർ	പി. ആർ. ദീപ (ലിറ്റൽകൈറ്റ്സ് മിസ്ട്രസ്സ്) കെ. എസ് ശ്രീജ (ലിറ്റൽകൈറ്റ്സ് മിസ്ട്രസ്സ്)
കുട്ടികളുടെ പ്രതിനിധികൾ	നന്ദൻ എം (ലിറ്റൽകൈറ്റ്സ് ലീഡർ) ഷാനിയ എസ് (ലിറ്റൽകൈറ്റ്സ് ഡെപ്യൂട്ടി ലീഡർ) അക്ഷയ് എസ് കെ (സ്കൂൾ ലീഡർ) സ്നേഹാസാബു (ഡെപ്യൂട്ടി സ്കൂൾ ലീഡർ)

വിദ്യാരംഗം കലാസാഹിത്യവേദി

മാതൃഭാഷ വളരട്ടെ

"പുസ്തകങ്ങൾ ഉരുക്കന്മാരാണ്. വടിയും വഴക്കുമില്ലാതെ നമ്മെ പഠിപ്പിക്കുന്ന ഉരുക്കന്മാർ. അവർക്ക് ഭക്ഷണം വേണ്ട, പണം വേണ്ട. നീ അടുത്തു ചെല്ലുമ്പോൾ അവർ ഉണർന്നിരിക്കും. നീ അന്വേഷിക്കുമ്പോൾ അവർ വെളിച്ചത്തു വരും. നീ വിഡ്ഢിത്തം പറഞ്ഞാൽ അവർ നിന്നെ ശകാരിക്കുകയില്ല. നിന്റെ അജ്ഞതയിൽ അവർ നിന്നെ പരിഹസിക്കുകയുമില്ല." - റിച്ചാർഡ് ബെറി.

വിദ്യാർത്ഥികളിൽ ഭാഷാസ്നേഹം വർദ്ധിപ്പിക്കുന്നതിനും,സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ചുവരുന്നു. നൂറ്റിയമ്പതോളം അംഗങ്ങളുള്ള വിദ്യാരംഗം കലാ സാഹിത്യ വേദി **കുട്ടികളിലെ സർഗ്ഗശേഷി പരിപോഷിപ്പിക്കുക, മാതൃഭാഷയേയും സംസ്കാരത്തേയും സ്നേഹിയ്ക്കുക** എന്നീ ലക്ഷ്യങ്ങളിലെത്തിച്ചേരാൻ ലീന ടീച്ചറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

കുട്ടികളോട്....

നാം എപ്പോഴും നമ്മുടെ കഴിവുകൾക്ക് മാറ്റ് കൂട്ടി കൊണ്ടിരിക്കണം. എല്ലാവരും എല്ലാ മേഖലയിലും വിദഗ്ധരല്ല. നമുക്കിഷ്ടപ്പെട്ട മേഖലയിൽ തുടർ പരീക്ഷണങ്ങൾ നടത്തി കൊണ്ടിരിക്കണം. നമ്മൾ നമ്മളോട് തന്നെ മത്സരിക്കണം. മറ്റുള്ളവരോടല്ല. എങ്കിൽ മാത്രമേ വളർച്ചയുണ്ടാകൂ. കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ആത്മവിശ്വാസം ലഭിക്കുകയുള്ളൂ. നമ്മുടെ ചെറിയ അറിവും ബുദ്ധിയും ഉരുളുന്ന കല്ല് പോലെയാണ്. ഉപയോഗിക്കാതിരുന്നാൽ പായൽ പിടിക്കും. തുടർപ്രവർത്തനങ്ങളിലൂടെ അത് തിളങ്ങി കൊണ്ടിരിക്കും. ഓരോ പ്രശസ്തരുടെയും ജീവിതം പരിശോധിച്ചാൽ ധാരാളം പരിശ്രമങ്ങൾക്ക് ശേഷമാണ് ഉന്നതത്തിൽ എത്തിയതെന്ന് നമുക്ക് മനസ്സിലാക്കാം. ആദ്യശ്രമത്തിൽ വിജയം എന്നുള്ള ചിന്ത ഒഴിവാക്കുക. നാം നമ്മളെ തന്നെ വളർത്തൂ. അവരവർക്കു മാത്രമേ അതിന് കഴിയുകയുള്ളൂ. നമുക്കതിനായി പരിശ്രമിക്കാം.....

ദീപ പി ആർ

കൈറ്റ് മിസ്ട്രസ്സ്

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

കവിത

ഓണക്കാലവും മുത്തശ്ശിയും

ഓർമ്മകളോണനിലാവിൽ കളിക്കുന്ന

ഊഞ്ഞാലിലാടിത്തിമർക്കുന്ന ബാല്യവും.

ഉള്ളിൽ നിന്നൊരു തിരമാലപോലെന്നെ

ഉയരുന്നുവോ എന്നാത്മഗാനം.

മറ്റൊരു ബാല്യകാലത്തിന്റെ ഓർമ്മയിൽ.

മുത്തശ്ശി തൻ മടിയിൽ തലചായ്ച്ചു കിടക്കുമ്പോൾ

ആകാശമാലാഖ തഴുകുന്നപോലെ.

ആകാശവീഥിയിൽ നക്ഷത്ര പൂക്കളെ-

ക്കാളും വിളങ്ങുന്ന ചന്ദ്രഗോളത്തെയും

ചൂണ്ടിത്തരുന്ന വിരൽത്തുമ്പിലൂടൊരു

മൂളിപ്പാട്ടെന്നെയുറക്കുന്ന മെല്ലവെ...

കൈനീട്ടവും വിഷുപ്പൂക്കളും കൊഞ്ചുന്ന

കാലങ്ങൾ ഓർത്തുപോയി അന്നേരം ഞാൻ

ഇന്നെങ്കിൽ നാളെയെത്തീടുമെൻ മുത്തശ്ശി

നൽകീടും പോയകാലത്തിന്റെ മാധുരി.

ലിറ്റിൽ കൈറ്റ് നിഖിൽ എസ്

സ്നേഹം

കാട്ടിലെ ഒരു വലിയ മരത്തിലാണ് കുഞ്ഞിക്കിളിയും താമസിക്കുന്നത്. കുഞ്ഞിക്കിളി തീറ്റ തേടി നടന്ന് കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുക്കും. അങ്ങനെ നല്ല സ്നേഹത്തോടെയും സന്തോഷത്തോടെയും കഴിഞ്ഞു. ഒരു ദിവസം കുഞ്ഞിക്കിളി തീറ്റ തേടിപ്പോയ നേരം നോക്കി ഒരു പെരുമ്പാമ്പ് അവളുടെ കുഞ്ഞുങ്ങളെ ഒന്നൊന്നായി വിഴുങ്ങിത്തുടങ്ങി. തീറ്റ തേടി വന്നപ്പോൾ അവൾ കണ്ടത് പെരുമ്പാമ്പ് അവളുടെ കുഞ്ഞുങ്ങളെ ഒന്നൊന്നായി വിഴുങ്ങുന്ന കാഴ്ചയാണ്. ആ പെരുമ്പാമ്പിനെ ഓടിക്കാൻ അവൾ കുറേ ശ്രമിച്ചു. പക്ഷേ നടന്നില്ല. അന്നു മുഴുവൻ കരഞ്ഞ് കരഞ്ഞ് അടുത്തുള്ള ഒരു മരക്കൊമ്പിൽ കിടന്ന് നേരം വെളുപ്പിച്ചു. പിറ്റേന്നാവിലെ അവൾ അവളുടെ സുഹൃത്തുക്കളായ അണ്ണാറക്കണ്ണനേയും മരംകൊത്തിയേയും കണ്ടു അവൾ നടന്ന സംഭവമെല്ലാം നേരിട്ട് പറഞ്ഞു. ഇതു കേട്ടപ്പോൾ അണ്ണാറക്കണ്ണനും മരുകൊത്തിക്കും വളരെ വിഷമം തോന്നി. അവർ പറഞ്ഞു. ഞങ്ങൾ നിന്റെ കൂടെ എന്നും ഉണ്ടായിരിക്കും എന്നവർ പറഞ്ഞു. അങ്ങനെ അവർ കൊമ്പനാനയുടെ അടുത്തെത്തി. കൊമ്പനാനയുടെ അടുത്ത് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. കൊമ്പനാനയ്ക്ക് പെരുമ്പാമ്പിനോട് വളരെ ദേഷ്യം തോന്നി. അങ്ങനെ അവർ പെരുമ്പാമ്പിനെ കണ്ടെത്തി. കൊമ്പനാനയുടെ തുമ്പിക്കൈ കൊണ്ട് ഒരു വലിയ പാറക്കല്ലെടുത്ത് പെരുമ്പാമ്പിന്റെ ദേഹത്തേക്കിട്ടു. പെരുമ്പാമ്പ് ചതഞ്ഞരഞ്ഞു പോയി. അവൾക്ക് സന്തോഷമായി. അവൾ അവർക്ക് നന്ദി പറഞ്ഞു. അവർ പറഞ്ഞു നിനക്ക് ഇനി എന്ത് സഹായം വേണമെങ്കിലും ഞങ്ങളോട് ചോദിച്ചാൽ മതി. അവൾ തിരിച്ച് വീട്ടിലേയ്ക്ക് പോയി. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവൾ വീണ്ടും മുട്ട ഇട്ടു കുഞ്ഞുങ്ങൾ വിരിഞ്ഞു. പഴയതുപോലെ അവൾ വീണ്ടും സന്തോഷത്തോടെ ജീവിച്ചു. ഇതെല്ലാം ഒരു കുരങ്ങൻ കാണുന്നുണ്ടായിരുന്നു. കുരങ്ങൻ പറഞ്ഞു. ഇതിനെയാണ് സ്നേഹം എന്ന് പറയുന്നത്.

നീരജ് നന്ദു നാലാം ക്ലാസ്സ്

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

കവിത

കുട്ടിയുടെ പ്രാർത്ഥന

എന്നും രാവിലെയെഴുന്നേറ്റാൽ ഞാൻ
കൈകൾ കൂപ്പി പ്രാർത്ഥിക്കും
നല്ലതു നാവിലുദിക്കണമേ
നല്ലതു ചെയ്യാൻ തോന്നണമേ
നല്ലതു കാണാൻ കഴിയണമേ
നല്ലതു കേൾക്കാൻ കഴിയണമേ
നല്ല മാർഗ്ഗന്നിൽ നടത്തണമേ
നല്ലവരൊത്തു നടത്തണമേ
നന്മകൾ മാത്രം ചെയ്യണമേ
എന്നെ എന്നും കാക്കണമേ
നന്മകളെന്നിൽ നിറക്കണമേ

അദിത്യൻ.എസ്.എസ്

6 സി

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

പ്രവേശനോത്സവം

വിശാഖൻ.പിഎൽ
9.ഡി

ഒരു മത്സരത്തിന്റെ ഓർമ്മയിലൂടെ.....

കണ്ണൂരിലെ കുളിരുള്ള പ്രഭാതത്തിൽ നെഞ്ചിടിപ്പോടെയാണ് ഞാനുണർന്നത്. ഐടി പ്രോജക്ടിന്റെ ഫൈനൽ മത്സരം.....! എന്റെ എല്ലാ അധ്യാപകരും സുഹൃത്തുക്കളും പ്രാർത്ഥനയുടെ എന്നെ പ്രതീക്ഷിച്ചിരുന്ന നിമിഷങ്ങൾ....!

പല ഘട്ടങ്ങളും കടന്നതിനു ശേഷം ആണ് ആ സൗഭാഗ്യം എനിക്ക് ലഭിച്ചത്. ആദ്യമായാണ് ഒരു സംസ്ഥാനതല മത്സരത്തിൽ ഞാൻ മത്സരിക്കാൻ പോകുന്നത്. അതും എനിക്കിഷ്ടപ്പെട്ട മേഖലയായ ഐ ടി മേഖലയിൽ നിന്നും. സ്വപ്നമാണെന്ന് തോന്നിപ്പോകും കണ്ണൂരിൽ എളയാവൂർ എന്ന സ്ഥലിൽ വച്ചായിരുന്നു എൻറെ മത്സരം. ആദ്യ സംസ്ഥാന മത്സരമായതിനാൽ ഏറെ ഭയമുണ്ടായിരുന്നു. മറ്റ് കുട്ടികൾ വളരെ മനോഹരമായി തന്നെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്റെ എല്ലാ ഗുരുനാഥന്മാരെയും പ്രോജക്ട് ഗൈഡായ ദീപ ടീച്ചറിനെയും മനസ്സിൽ ധ്യാനിച്ചുകൊണ്ട് കൈയിൽ കിട്ടിയ അവസരം വളരെ മനോഹരമായി വിനിയോഗിക്കാൻ തന്നെ തീരുമാനിച്ചു. എല്ലാ വർക്കുകളും കൃത്യമാണോ എന്ന് നോക്കി. തുടർന്ന് ഞാൻ നന്നായിത്തന്നെ അവതരിപ്പിച്ചു. ശേഷം അഭിമുഖമായിരുന്നു. എന്റെ പ്രവർത്തന ഘട്ടം വളരെ നന്നായിരുന്നു എന്ന് വിധികർത്താക്കൾ പറഞ്ഞത് ഒരു അനുഗ്രഹമായി ഞാൻ കരുതുന്നു. അവരുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുവാൻ കഴിഞ്ഞു.

മത്സരശേഷം ഞങ്ങൾ റെയിൽവേസ്റ്റേഷനിലേക്ക് തിരിച്ചു ഏകദേശം ട്രെയിൻ വരാൻ സമയം ആയപ്പോഴാണ് ദീപ ടീച്ചർ എന്നെ വിളിച്ച് റിസൽട്ട് പറഞ്ഞു. എ ഗ്രേഡ് ഉണ്ടെന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്റെ ആദ്യ സംസ്ഥാനതല മത്സരത്തിൽ തന്നെ എ ഗ്രേഡ് ലഭിച്ചപ്പോൾ അത് എന്നെ അഭിമാനത്തിന്റെ കൊടുമുടിയിലെത്തിച്ചു. എന്നെ പ്രോജക്ട് തയ്യാറാക്കാൻ

സഹായിച്ച എല്ലാവരോടും എനിക്ക് കൃതജ്ഞത ഉണ്ട്. നിലയ്ക്കാത്ത സന്തോഷത്തോടെ ആ രാത്രിയിൽ ഭാരതപ്പുഴയുടെ മെലിഞ്ഞ ഓളങ്ങൾ കണ്ട് കാറ്റിന്റെ തലോടലുമേറ്റ് ഞാൻ നാട്ടിലേക്ക് തിരിച്ചു. എന്നെ പ്രതീക്ഷിക്കുന്ന എന്റെ അധ്യാപകരുടെയും കൂട്ടുകാരുടെയും ഇടയിലേക്ക് ....

മൃദുല എം എസ്, 10 ഡി

2018-19 സംസ്ഥാന ഐടി മേളയിൽ ഐടി പ്രോജക്ടിന്

'എ' ഗ്രേഡ് കരസ്ഥമാക്കിയ മൃദുല എം എസ്

പ്രഥമാധ്യാപികയിൽനിന്ന് സമ്മാനം

സ്വീകരിച്ച ശേഷം

മാഞ്ഞുപോയ നിമിഷങ്ങൾ

അനുജ പി. എസ്

7-ബി

എന്നത്തെയും പോലെ തന്നെ രാവിലെ ദിവ്യ സ്കൂളിൽ പോകുവാൻ തുടങ്ങുകയാണ്. അവളുടെ സഹോദരൻ അരുൺ, കുഞ്ഞുകുട്ടിയായതുകൊണ്ട് വീടിനടുത്തുള്ള ഒരു അങ്കണവാടിയിലാണ് പോകുന്നത്. ദിവ്യ സ്കൂളിൽ പോയിക്കഴിഞ്ഞിട്ടാണ് അവൻ അങ്കണവാടിയിലേയ്ക്ക് പോകുന്നത്. അമ്മ ദിവ്യയെ സ്കൂളിൽ അയയ്ക്കാനുള്ള തിടുക്കത്തിലാണ്. അച്ഛൻ ഓഫീസിൽ പോകാനുള്ള തിടുക്കത്തിൽ പ്രഭാതഭക്ഷണം കഴിക്കുന്നു. എല്ലാവരോടും ദിവ്യ യാത്ര പറയുന്നു. അമ്മയും, അച്ഛനും ദിവ്യയ്ക്ക് ഒരു മുത്തം കൊടുത്തു. ദിവ്യ തിരിച്ചും കൊടുത്തു. എന്നിട്ട് ദിവ്യ വന്ന് അരുണിന്റെ നെറ്റിയിൽ ഒരു മുത്തം നൽകി. അരുൺ തിരിച്ചും. തന്റെ ബാഗെടുത്ത് വീട്ടിൽ നിന്നിറങ്ങി. അവളുടെ സ്കൂൾ ബസ്സ് വന്നു. അവൾ കയറി യാത്രയായി. പിന്നാലെ തന്റെ അച്ഛനും ഓഫീസിലേയ്ക്ക് ഇറങ്ങി.

സമയം വൈകുന്നേരമാകാറായി. ദിവ്യയുടെ സ്കൂളിൽ സ്കൂൾ ബസ്സ് എടുത്തു. സ്കൂളിൽനിന്ന് കുറച്ചുദൂരം എത്തിയതേ ഉള്ളൂ, ബസ്സ് ഡ്രൈവർക്ക് ഒരു ഫോൺ വന്നു. താൻ വണ്ടി നിർത്താതെ സംസാരിച്ചു കൊണ്ടേയിരുന്നു. മുന്നിൽ നിന്നും നിയന്ത്രണം വിട്ട് ഒരു ലോറി പാഞ്ഞ് വന്ന് സ്കൂൾ ബസ്സുമായി കൂട്ടിമുട്ടി.ബസ്സ് റോഡിന്റെ അറ്റത്തേക്ക് ചരിഞ്ഞു. ലോറിയും മറുവശത്തേക്ക് ചരിഞ്ഞു. നാട്ടുകാരെല്ലാവരും ചുറ്റും വളഞ്ഞുകൂടി. പോലീസും, ആംബുലൻസും എത്തി എല്ലാ കുട്ടികളെയും, ഡ്രൈവറിനെയും ആശുപത്രിയിൽ എത്തിച്ചു. കുട്ടികളുടെ ഓരോരുത്തരുടെയും മാതാപിതാക്കളെ അറിയിക്കുന്നതേയുള്ളൂ. അവരെല്ലാം

ആശുപത്രിയിലേയ്ക്ക് വന്നുകൊണ്ടിരുന്നു. എല്ലാവരും കുഞ്ഞുങ്ങളുടെ ജീവൻ തിരിച്ചു കിട്ടാനുള്ള പ്രാർത്ഥനയിലാണ്. ഡോക്ടറുമാർ ചികിത്സിച്ചിട്ട് പുറത്തിറങ്ങിവന്നു. എല്ലാവർക്കും അറിയാൻ സാധിച്ചത് മൂന്നുകുട്ടികൾ മരണപ്പെട്ടു. മറ്റുള്ളവർക്ക് ഗുരുതരപരുക്ക്. എല്ലാ മാതാപിതാക്കളും വളരെ സങ്കടത്തിലാണ്. മരിച്ച മൂന്നുകുട്ടികളിൽ ഒരു കുട്ടി നമ്മുടെ ദിവ്യയാണ്. അവളുടെ മാതാപിതാക്കൾ അവരുടെ പുന്നാരമകളുടെ മൃതദേഹം ഏറ്റുവാങ്ങാൻ ആശുപത്രിയിലാണ്.

അരുൺ വിവരമറിഞ്ഞിട്ടില്ല. അവനെ അമ്മാമയുടെ വീട്ടിലാക്കിയിട്ടാണ് അവർ അശുപത്രിയിലേയ്ക്ക് വന്നത്. എല്ലാവരും വീട്ടിലെത്തി. ദിവ്യയുടെ അമ്മ വായ അടക്കാതെ കരച്ചിലോട് കരച്ചിൽ, അച്ഛൻ സങ്കടം അടക്കിപ്പിടിക്കാൻ ശ്രമിച്ച് നിൽക്കുന്നു. അപ്പോഴും അരുണിന് ഒന്നും തന്നെ മനസ്സിലാകുന്നില്ല. തന്റെ വീട്ടിലൊരു ആൾക്കൂട്ടം അമ്മയും ,അമ്മാമയും ,അച്ഛനും മറ്റ് ബന്ധുക്കളും ദിവ്യ ചേച്ചിയെ നോക്കി പൊട്ടിക്കരയുന്നു. ദിവ്യ ചേച്ചിയാണെങ്കിലോ കിടന്നുറങ്ങുന്നു. അവൻ ഇങ്ങനെയൊക്കെ ചിന്തിച്ചുകൂട്ടുന്നു. അരുണിന് ഒന്നും തന്നെ മനസ്സിലാകുന്നില്ല. അമ്മയ്ക്കും,അച്ഛനും അരുണിനും നൽകിയത് അവസാനത്തെ മുത്തമായിരുന്നു. ആരോടും ഒരു വാക്കുപോലും പറയാതെ ദിവ്യ യാത്രയായി. ഒരുപാടൊരുപാട് ദൂരേയ്ക്ക് ചേച്ചിയുടെ സ്നേഹം വളരെയധികം ലഭിക്കാൻ അരുൺ യോഗമില്ലാത്തൊരു കുട്ടിയാണ്. ഒരിക്കലും അരുണിന് തന്റെ ചേച്ചിയെക്കാണാൻ കഴിയില്ലെന്ന് ആ പാവം കുട്ടിയ്ക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. “ചെറിയ ചെറിയ ഓർമ്മകൾ മാത്രം ബാക്കി വച്ച് ദിവ്യ ഒരുപാട് അകലത്തിലേയ്ക്ക് മറഞ്ഞുപോയി"!

****

പരിസ്ഥിതി ദിനം

വായനാദിനം

പുഴ

ഉൾച്ചുഴി കാട്ടാതെ,
അടിയൊഴുക്കൊളിപ്പിച്ച്,
നിറഞ്ഞും, ഒഴിഞ്ഞും
കലങ്ങിത്തെളിഞ്ഞും
കിലുങ്ങിക്കുലുങ്ങി
ഒഴുകി... ഒഴുകി... ഒഴുകി
പുഴയും ഞാനും.

സമയം

ഇത്തിരി നേരമേയുള്ളൂ
നമുക്കിനിയിവിടെ
ഇളവേല്ക്കാൻ.
ഇത്തിരി മാത്രയേയുള്ളൂ
നമുക്കിവിടെ
കൈകോർത്തു നീങ്ങാൻ
വരിക സഖീ,
നീയെൻ കുടക്കീഴിലായ്
അത്രമേൽ അരികത്ത്
ചേർന്നു നിൽക്കൂ.

കവിത ജോൺ

മലയാളം അധ്യാപിക

കഥ

കിളിയമ്മയുടെ സ്നേഹം

ഒരു ദിവസം കിളിയമ്മ മുട്ടയിട്ടു. കുറച്ചു ദിവസം കഴിഞ്ഞ് മുട്ട വിരിഞ്ഞു. കിളിയമ്മ ആഹാരം തേടി പുറത്തേക്ക് പോയി കിളിയമ്മയെ കാണാതെ കുഞ്ഞുങ്ങൾ വല്ലാതെ വിഷമിച്ചു. ഒരു കിളിക്കുഞ്ഞ് പുറത്തേക്ക് പറന്നു. താഴെ തടാകമായിരുന്നു. അതിന് പറക്കാൻ കഴിയാത്തതിനാൽ അത് തടാകത്തിലേയ്ക്ക് വീണു. അവിടെ ഒരു താറാവ് നീന്തുകയായിരുന്നു. ആ താറാവിന് അതിനെ വളരെ ഇഷ്ടമായി. അതുകൊണ്ട് അതിനെ രക്ഷിച്ച് കരയിൽ കയറ്റി. അതിന്റെ അമ്മ വന്നപ്പോൾ അമ്മയുടെ അടുത്ത് എത്തിച്ചു.

നവമി എ എസ് നായർ

നാലാം ക്ലാസ്സ്

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

ചെന്തുരുണിയിൽ

ഒരു മരത്തിന്റെ പേരിൽ അറിയപ്പെടുന്ന ഏക വന്യജീവി സങ്കേതമാണ് ചെന്തുരുണി വന്യജീവി സങ്കേതം കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിലാണ് ഇത് സ്ഥിതിചെയ്യുന്നത്. അനാകാർഡിയോസി കുടുംബത്തിൽപ്പെട്ട ഗ്ലൂട്ടാടവൻകോറിക്ക എന്ന ചെന്തുരുണി മരങ്ങൾ ധാരാളമായി വളരുന്നതുകോണ്ടാണ് ഈ പേര് ലഭിച്ചത്. ഇതിന് സമീപം കല്ലടയാറ്റിൻ നിർമ്മിച്ചിരിക്കുന്ന തെന്മല അണകെട്ടിന്റെ ജലസംഭരണിയും സമീപപ്രദേശങ്ങളിലുള്ള വനങ്ങളും ചേർന്ന് 171 ച.കി.മീ.വിസ്തീർണം ഉള്ളതാണ് ഈ വന്യജീവി സങ്കേതം.

ചെന്തുരുണി : ഗ്ലൂട്ടാടാവൻകോറിക്ക(ഗ്ലൂട്ട ടാവൻകോരിക്ക) ആണ് ശാസത്രിയനാമം.

കട്ടിയേറിയ തോലും ചുവന്ന നിറത്തിലിള്ള കറയുമാണ് പ്രതേകത. 35 മീറ്ററോളം ഉയരം ഉണ്ടാകും.

പശ്ചിമഘട്ടത്തിലെ ഒരു തദ്ദേശ വൃക്ഷമാണ്.തടി ഫർണിച്ചറിന് ഉപയോഗിക്കാൻ കൊള്ളാം.

കമ്പകം : ഡിപ്റ്റോകാർപാസിയ കുടുബത്തിൽപ്പെട്ട മരമാണിത്.

ഹോപിയാ പോംഗ _ ശാസത്രിയ നാമം.

പശ്ചിമഘട്ടത്തിന്റെ തെക്കും മധ്യഭാഗത്തും കണ്ടുവരുന്നു.

ആനകൂടുകൾ പോലയുള്ള കട്ടിയുള്ള ചട്ടക്കൂടുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

പുല്ലാഞ്ഞി: 10 മീറ്റർ വരെ വളരുന്ന രോമാവൃതമായ ഒരു വള്ളി ചെടി.

ഗറ്റോണിയാ ഫ്ലോറിബുണ്ടാ_ ശാസത്രിയ നാമം കാണ്ഡത്തിൽ ധാരാളം സംഭൃത ജലം ഉണ്ടായിരിക്കും .

കുന്തിരിക്കമരം : വെളുത്ത പൂക്കൾ ഉണ്ടാകുന്ന ഒരു വലിയമരം. സൗരഭ്യമുണ്ടാകുന്നതിന് ഉപയോഗിക്കുന്ന പദാർത്ഥമായ കുന്തിരിക്കം ഈ മരത്തിന്റെ കറയാണ്.

ശ്രീജ കെ എസ്

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്

കവിത

ഓണപ്പാട്ട്

കവിത

ഓണം വന്നു ഓണം വന്നു

മാളോർക്കെല്ലാം സന്തോഷമായി

ഓണം വന്നു ഓണം വന്നു

കുട്ടികൾ പൂക്കൾ പറിച്ചിടുന്നു

ഓണം വന്നു ഓണം വന്നു

അത്തപ്പൂക്കളം തിർത്തിടുന്നു

ഓണം വന്നു ഓണം വന്നു

ഓണ സദ്യ ഒരുക്കിടുന്നു

ഓണം വന്നു ഓണം വന്നു

അദിത്യൻ.എസ്.എസ്

6 സി

ലേഖനം



ശാസ്ത്രം പുരോഗതിയിലേയ്ക്ക്.....

ശാസ്ത്രം ഓരോ നിമിഷവും നമ്മെ അതിശയിപ്പിച്ചു കൊണ്ടിരിക്കുകയാണ്. എന്തിനെയും ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കൈക്കലാക്കാം എന്നൊരു യുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത് . ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മേഖലയിലുണ്ടായ മുന്നേറ്റം മനുഷ്യ ജീവിതനിലവാരത്തെയും ശൈലിയെയും സംസ്കാരത്തെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ശാസ്ത്ര വിപ്ലവം അതിന്റെ പൂർണ്ണ വേഗതയിൽ എത്തി നിൽക്കുന്നു. സാങ്കേതികവിദ്യയുടെ പുരോഗമനം ആധുനിക ജീവിതത്തിൽ അനന്യസാധാരണമായ ഒരു ഉൾക്കാഴ്ച ലഭ്യമാക്കി കഴിഞ്ഞു. സാങ്കേതികവിദ്യയുടെ ഏറ്റവും പ്രകടമായ സ്വാധീനം കാണാൻ കഴിയുന്നത് മൊബൈൽഫോൺ വഴിയുള്ള വാർത്താവിനിമയ രംഗത്താണ്. വിവരസാങ്കേതികവിദ്യ എന്ന പുതിയ തലമുറയ്ക്ക് വാർത്താവിനിമയം ബിസിനസ്, വിദ്യാഭ്യാസം, വിനോദം എന്നീ മേഖലകളിൽ വളരെയധികം പ്രോത്സാഹനം നൽകുന്നു.

വൈദ്യശാസ്ത്ര രംഗത്തും ശാസ്ത്ര സംഭാവന വളരെ വലുതാണ്. മെഡിക്കൽ ടെക്നോളജിയിൽ ഉള്ള പുരോഗമനം മനുഷ്യന്റെ ജീവിതകാലയളവിൽ ദൈർഘ്യം വർധിപ്പിക്കുന്നതിന് വളരെയധികം സഹായിക്കുന്നു. കാടുകളിൽ ജീവിച്ചിരുന്ന മനുഷ്യനെ 2022 ലെ ഇന്ത്യൻ ബഹിരാകാശ ദൗത്യം ഗഗൻയാനിലൂടെ ബഹിരാകാശത്ത് കൊണ്ടെത്തിക്കും എന്ന് നമുക്ക്

പ്രത്യാശിക്കാം. മനുഷ്യന്റെ ഓരോ ചലനത്തേയും നിയന്ത്രിക്കുന്നതിനുള്ള സാങ്കേതികവിദ്യ വരുംകാലങ്ങളിൽ കണ്ടെത്തും എന്നതിൽ സംശയമില്ല. കാരണം ശാസ്ത്രം അനുദിനം പുരോഗമിക്കുകയാണ്.

ബെൻസൻ ബാബു ജേക്കബ് 8 ബി

സെല്ലുലോയിഡ് ഫിലിം ക്ലബ്ബ്

ആരുത്...
MALAYALAM SHORT FILM
DVD
VIDEO
GOVT.MODEL HSS, VENGANOOR
FILM CLUB
PARVATHY.S.S, GOPICHANDANA.P, ABHIJITH.A
VINOD SANTHIPURAM
KALLIYOOR JAYACHANDRAN, JAYAPRASAD.S.T, SAJU PAYARUMMOODU
KALA.B.K, SREEJA.K.S, SURESH KUMAR.K, KAVITHA JOHN

സ്കൂൾ വിക്കി

സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം

സ്കൂൾ വിക്കി അവാർഡ്

സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ സ്കൂൾ വിക്കി പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി (കൈറ്റ്) ഏർപ്പെടുത്തിയ പ്രഥമ കെ ശബരീഷ് സ്മാരക സ്കൂൾവിക്കി അവാർഡുകളിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം ഗവൺമെൻറ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ വെങ്ങാന്നൂർ നേടി. 29.09.2018 ശനിയാഴ്ചയായിരുന്ന അവാർഡ് പ്രഖ്യാപനം. 2018 ഒക്ടോബർ 4 വ്യാഴാഴ്ച മലപ്പുറം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന പുരസ്കാര വിതരണ ചടങ്ങിൽ ട്രോഫിക്കും പ്രശസ്തിപത്രത്തിനുമൊപ്പം 25,000 രൂപയുടെ ചെക്കും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി രവീന്ദ്രനാഥ് പ്രഥമാധ്യാപിക ശ്രീമതി ബികെ കലയ്ക്ക് കൈമാറി. പി ആർ ദീപ, പ്രസന്നകുമാരി എസ്,ഷീബ ടി എ, സുവി എസ് എന്നീ അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തെ ഒന്നുമുതൽ 12 വരെയുള്ള എല്ലാ സ്കൂളുകളെയും കൂട്ടിയിണക്കി ആരംഭിച്ച സ്കൂൾ വിക്കി പൂർണ്ണമായും അംഗങ്ങളുടെ പങ്കാളിത്തത്തോടെ വിവരശേഖരണം സാധ്യമാക്കുന്ന ഇന്ത്യൻ പ്രാദേശിക ഭാഷയിലുള്ള ഏറ്റവും വലിയ ഡിജിറ്റൽ വിവര സംഭരണിയാണ്. എല്ലാ സ്കൂളിനെയും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കേരളത്തിലെ എല്ലാ നാട്ടു ചരിത്രത്തിന്റെയും നാടൻ കലാരൂപങ്ങളുടെയും സ്ഥലനാമ ചരിത്രങ്ങളുടെയും പ്രാദേശിക വാക്കുകളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും വിവരങ്ങളുടെ ഒരു കലവറയാണ് സ്കൂൾ വിക്കി. കൂടാതെ ഓരോ സ്കൂളിന്റെയും പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ സ്കൂളും ആണ് ഇതിൽ വിവരം ഉൾക്കൊള്ളിക്കേണ്ടത്. ഏറ്റവും നന്നായി സ്കൂൾവിക്കിയിൽ വിവരങ്ങൾ ഉൾപ്പെടുത്തിയതിനുള്ള സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാന പുരസ്കാരമാണ് നമുക്ക് ലഭിച്ചത്

ഉറങ്ങു നീ

ഉറങ്ങുക നീ ഉറങ്ങൂ നീ

സൂര്യൻ പോകുകയാണോമനേ

ഇടവഴികൾ താണ്ടി, പല വഴികൾ താണ്ടി

സൂര്യൻ പോകുകയാണോമനേ

സൂര്യനെ വണങ്ങി നീ

ഭൂമിയെ വണങ്ങി നീ

ആയിരം ദീപനാളങ്ങളെ വണങ്ങി നീ

ശലഭങ്ങൾ പാറിപ്പറക്കുന്ന നേരത്ത്

പക്ഷികൾ പാടുന്ന നേരത്ത്

നീയിന്നു പാറിപ്പറന്നു നടന്നൊരാ

ശലഭ വർണ്ണക്കനവു നിറയുന്ന നേരത്ത്

ആയിരമായിരം സ്വപ്നങ്ങളുയരുന്ന

മനോഭംഗികൾ ആകുന്ന നേരത്ത്

സ്വപ്നങ്ങൾ ഉയർത്തുവാൻ നീ തേടുന്നേരം

ഞാൻ ഒരു മാലാഖയെപ്പോലെ ഉയരവെ

കല്ലിനും മണ്ണിനും ഉറക്കമായി

പുഴയ്ക്കും കാട്ടരുവിക്കും

പക്ഷിയ്ക്കും മൃഗങ്ങൾക്കും ഉറക്കമായി.

സന്ധ്യാ ദീപം തെളിയിച്ചു നീ

അക്ഷരത്താളുകൾ തുറക്കു

എന്തിനും ഒന്നായിരിക്കേണമേ നീ

അമ്മയ്ക്കു കാണാൻ കൊതിയാണേ

ഏതൊരു തിരി പോലെയും നീ

സത്യത്തിൻ തിരിയാകട്ടെ

നാളത്തെ വെളിച്ചമായി മാറട്ടേ നീ

ഒരു ദീപം പോലെ

സൂര്യൻ മയങ്ങി നീ, നീ ഉറങ്ങുക

നാളത്തെ വെളിച്ചമാകാൻ

കാണാക്കാഴ്ചകൾ കാണുവാൻ

പാറുക, നീ പാറുക

കാണാക്കാഴ്ചകൾ തേടി നാം

ദൂരെയെങ്ങും പോകുവാൻ

അമൃതായ് പടരുന്ന സംഗീതമായ്

തെളിവായ്.....

പാർവ്വതി എസ്സ്. എസ്സ് **7 ബി**

ഉറങ്ങാത്ത രാത്രി

ഒരു മനോഹരമായ പ്രഭാതം. എന്റെ വീട്ടിൽ നിന്ന് ചേച്ചിയുടെ ശബ്ദം, എഴുന്നേല്ക്ക് കുഞ്ഞേ, എഴുന്നേല്ക്ക് എന്ന് പറഞ്ഞ് എന്നെ ഉറക്കത്തിൽ നിന്ന് വിളിച്ച് എഴുന്നേല്പിക്കുന്ന എന്റെ ചേച്ചി. ഞാൻ എഴുന്നേറ്റ് ജനലിൽക്കൂടി നോക്കിയപ്പോൾ ചേച്ചി നട്ടു പിടിപ്പിച്ച റോസച്ചെടികൾ പൂത്തു നില്ക്കുന്നു. എന്ത് മനോഹരം എന്ന് എന്റെ മനസ്സിൽ നിന്ന് ആരോ പറയുന്നത് പോലെ തോന്നി. ചേച്ചി വന്ന് എന്നോട് വരൂ, പള്ളിക്കൂടത്തിൽ പോകണ്ടേ എന്ന് എന്റെ ചുമലിൽ കൈവച്ചു കൊണ്ട് പറഞ്ഞു. ഞാൻ ഒന്നും മിണ്ടിയില്ല. എന്നിട്ട് ഞാൻ ഒറ്റച്ചാട്ടം. ചേച്ചിയാണെങ്കിൽ എന്റെ പിറകെക്കൂടി ഓടി, ചേച്ചി ഉറക്കെ വിളിച്ച് പറയുന്നു ഇങ്ങ് വാടീ. ഞാൻ ഓടി റോസച്ചെടിയുടെ പിറകിൽ ഒളിച്ചു നിന്നു. പക്ഷേ ചേച്ചി എന്നെ കണ്ടു പിടിച്ചു, ഞാൻ ഒന്നും അറിയാത്ത മട്ടിൽ ചേച്ചിയുടെ കൂടെ പോയി.

ചേച്ചി എന്നെ കുളിപ്പിച്ചു, വസ്ത്രം ധരിപ്പിച്ചു തന്നു, ആഹാരം തന്നു. എന്റെ സ്വന്തം അമ്മയെപ്പോലെയായിരുന്നു ചേച്ചി. എന്റെ അമ്മ നൽകാത്ത സ്നേഹവും കരുതലും ചേച്ചി തന്നു. അങ്ങനെ പള്ളിക്കൂടത്തിൽ പോകാൻ ഞാൻ റെഡിയായി. ഞാൻ ചേച്ചിയുടെ അടുക്കൽ പോയിട്ട് ചോദിച്ചു, ചേച്ചി ഒരു കാര്യം ചോദിച്ചാൽ തരുമോ? ചേച്ചി ചോദിച്ചു എന്താ കാര്യം , എനിക്ക് ഒരു റോസാപ്പൂവ് തരുമോ? ചേച്ചി ചിരിച്ചു കൊണ്ട് പറഞ്ഞു ഇതാ കാര്യം റോസാപ്പൂവ് നിനക്ക് ഞാൻ നേരത്തേ കരുതി വെച്ചിരുന്നു ഞാൻ ചേച്ചിയോട് പറഞ്ഞു ആ പൂവ് എന്റെ തലയിൽ വെച്ചു താ ചേച്ചി. ചേച്ചി വെച്ചു തന്നിട്ട് പറഞ്ഞു ഇപ്പോൾ

നിന്നെ കണ്ടാ നല്ല മനോഹരമായിരിക്കുന്നു. എന്നെ പള്ളിക്കൂടത്തിൽ കൊണ്ട് വിട്ടു. പിന്നെ എന്നെ വൈകുന്നേരം ചേച്ചിയാണ് വീട്ടിൽ കൊണ്ട് വിടുന്നത്. രാത്രിയായപ്പോൾ എന്നെ ടീച്ചർ പഠിപ്പിച്ച പാഠം എനിക്ക് ചേച്ചി പറഞ്ഞു തന്നു. പിന്നെ എന്നെ താരാട്ടു പാടി ഉറക്കും. ആ പാട്ടിന്റെ ഈണത്തിൽ അറിയാതെ ഞാൻ ഉറങ്ങിപ്പോകും.

അടുത്ത ദിവസമായപ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേല്പിക്കാൻ ചേച്ചി വന്നില്ല. ഞാൻ വിചാരിച്ചു ചേച്ചിക്ക് അസുഖം ആകും. ഞാൻ തിരക്കിയപ്പോൾ ചേച്ചിയുടെ ശബ്ദം വീടിന്റെ മൂലയിൽ നിന്നാണ് ആ ശബ്ദം വരുന്നത്. ആ ശബ്ദം ഒരു കരച്ചിലിന്റെ ശബ്ദമായിരുന്നു. ഞാൻ നോക്കിയപ്പോൾ കരയുന്ന ചേച്ചിയും, സന്തോഷത്തോടെ നില്ക്കുന്ന അമ്മയും അച്ഛനും. അമ്മയും അച്ഛനും പോയതിനു ശേഷം ഞാൻ പതുക്കെ ചെന്ന് ചേച്ചിയുടെ കവിളിൽ കാണപ്പെട്ട കണ്ണുനീർ തുടച്ചു. എന്നിട്ട് ഞാൻ ചോദിച്ചു എന്തിനാ കരയുന്നത്? ആദ്യം ചേച്ചി ഒന്നും പറഞ്ഞില്ല. വീണ്ടും ഞാൻ ചോദിച്ചു. അപ്പോൾ ചേച്ചി പറഞ്ഞു ഞാൻ നിന്നെ വിട്ട് ദൂരെ പോകുന്നു. പോവുകയാണോ. എവിടെ? അതും എന്നെ വിട്ട്. എനിക്ക് ദൂരെ ജോലി കിട്ടി. അപ്പോൾ എന്നെ കാണാൻ വരില്ലേ? ചേച്ചി പറഞ്ഞു വിവാഹമാകുമ്പോൾ വന്നാൽ മതിയെന്ന് അമ്മ പറഞ്ഞു. ചേച്ചി എന്നാണ് പോകുന്നത്. മിഴികൾ തുടച്ചു കൊണ്ട് പറഞ്ഞു. അടുത്ത ആഴ്ച. ഇത്ര പെട്ടെന്നോ? എന്ന് പറഞ്ഞു ഞാൻ എന്റെ കിടക്കയിലേയ്ക്ക് ഓടി, അവിടെ കിടന്ന് കരഞ്ഞു, ആരും അറിയാതെ. സമയം അങ്ങനെ കടന്നു. രാത്രിയായി. താരാട്ടു പാട്ടു പാടാൻ ചേച്ചി വന്നു. കരച്ചിലിന്റെ ഈണത്തിൽ പാടി. എനിക്ക് ഉറക്കം വന്നില്ല. എന്നാൽ ഞാൻ ഉറങ്ങുന്നത് പോലെ അഭിനയിച്ചു. ആ രാത്രി ഞാൻ ഉറങ്ങിയില്ല. ആ രാത്രി ശാന്തമായിരുന്നില്ല. ചേച്ചിയുടെ കരച്ചിൽ കാരണം അങ്ങനെ ദുഃഖ പൂർണ്ണമായി ആ ആഴ്ച കടന്നു.

അന്നും രാവിലെ ഞാൻ തനിയെ എഴുന്നേറ്റു. ഞാൻ ചേച്ചിയുടെ സ്നേഹത്തെക്കുറിച്ച് വർണ്ണിച്ച ചില ചിത്രങ്ങൾ വരച്ച്, ആ പേപ്പർ ചേച്ചിയുടെ കൈയിൽ കൊടുക്കാൻ പോയപ്പോൾ എന്റെ വരവ് കണ്ട് അമ്മ ചോദിച്ചു

എവിടെ പോകുന്നു? ചേച്ചിയുടെ അടുത്തേയ്ക്ക്. ചേച്ചി എവിടെ എന്ന് ഞാൻ ചോദിച്ചു. അങ്ങ് ദൂരെ ജോലിയ്ക്ക് പോകാൻ ഒരുങ്ങുന്നു. ഇപ്പോഴോ? ചേച്ചി ഒരുങ്ങി വന്നിട്ട് എന്നോട് പറഞ്ഞു കുഞ്ഞേ ഞാൻ പോവുകയാ, ഇനി ഞാനില്ല നിന്നോടൊപ്പം. അതുകൊണ്ട് നീ താനെ കുളിക്കണം, ഉറങ്ങണം..... എന്റെ കൈയിലിരുന്ന കടലാസ് കൊടുത്തു.അതു കണ്ട് എന്നെ കെട്ടിപ്പിടിച്ച് ചുംബിച്ചു, കരഞ്ഞു. ഞാനും കരഞ്ഞു. ഞങ്ങളുടെ സ്നേഹത്തിന്റെ ആഴം കണ്ട് ചേച്ചിയുടെ റോസാപ്പൂക്കൾ പോലും കരഞ്ഞു പോയി.....

പ്രിയാലാൽ 7 ബി



ഡിജിറ്റൽ പെയിന്റിംഗ് - ലിറ്റിൽ കൈറ്റ് ഹർഷ വി ജെ

കഥ

കിനാവ്

പ്രഭാതം പൂവണിഞ്ഞു. സൂര്യന്റെ കിരണങ്ങൾ അവിടമാകെ പരന്നു. സിംല അളകനന്ദയിലേക്കാടി. ഭായിയെക്കുറിച്ചുള്ള ഓർമകൾ അവളെ അവിടെ നിന്നും പോരാൻ അനുവദിച്ചു. അളകനന്ദയിൽ അവർ കളിച്ചതും താൻ ഭായിയുടെ വെള്ളാരം കല്ലുകൾ തട്ടിയെറിഞ്ഞതും ഭായിയെ ദില്ലിയിലേക്ക് യാത്ര അയച്ചതും അവൾ ഓർത്തെടുത്തു. ഭായിയെ കാണാനാവും എന്ന പ്രതീക്ഷയോടെ അവൾ തിരഞ്ഞുനടന്നു. അല്പസമയത്തിനകം തന്റെ പിന്നിൽ ആരോ ഉണ്ടെന്ന് അവൾക്ക് തോന്നി. പെട്ടന്ന് പിന്നിൽനിന്നൊരു ശബ്ദം. 'സിംല.....'. അവൾതിരിഞ്ഞു നോക്കി. ദില്ലി ബാബുവല്ലെ അത്? അവൾ ബാബുവിനരികിലേക്ക് ഓടിച്ചെന്നു. ബാബു ,ഭായിക്ക് സുഖം തന്നെയല്ലേ? പിന്നെ ഒരു ചോദ്യപെരുമഴയായിരുന്നു. ബാബു പറഞ്ഞു 'സിംല,നീപോയി അമ്മയോട് പായസം വയ്ക്കാൻ പറയു. ഞാൻ വേഗമെത്തും.'

സിംല വിട്ടിലേക്കോടി അച്ഛനും, അമ്മയും സിംലയും ദില്ലി ബാബുവിനായി കാത്തുനിന്നു . ബാബു എത്തി കുശലാന്വേഷണങ്ങൾ കഴിഞ്ഞ്, സിംലയോട് ബാബു ചോദിച്ചു;"*മുന്നീ.... നിനക്ക്* സമ്മാനം വേണ്ടേ?" "*വേണം, വേണം*" *അവൾപറഞ്ഞു.* ദില്ലിബാബു പുറത്തക്ക് പോയി അച്ഛനെയും, അമ്മയെയും കൂട്ടി ഉമ്മറത്തേക്ക് വന്നു. അതാ ബിക്രം. അവരുടെ മുന്നിൽ അവർക്ക് അടക്കാനാകാത്ത ആഹ്ലാദമായി. അമ്മ അവന് ഒരു നല്ല വസ്ത്രവും നിറയെ ആഹാരവും നൽകി. ദില്ലി ബാബുവിനെ പോലെ ഒരു നല്ല ഉദ്യോഗസ്ഥനായി ബിക്രമും വന്നു.

ശ്രേഷ്ട.എം.എസ് 7 ബി

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

കടങ്കഥകൾ

- അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി

- കാലിൽ പിടിച്ചാൽ തോളിൽ കയറും

- അമ്മയെ കൃത്തി മകൻ മരിച്ചു

- കാള നിൽക്കും കയറോടും

- ആവശ്യക്കാർ വാങ്ങുന്നില്ല വാങ്ങുന്നവർ ഉപയോഗിക്കുന്നില്ല

- അടി മുള്ള് നട് കാട് തല പൂവ്

- അകത്തു നിന്ന് നോക്കി കാണും കാണുന്നതൊക്കെ ഉള്ളിലാക്കും

- അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മയ്ക്കു ഇത് നിർബന്ധം

- അകത്ത് രോമം പുറത്ത് ഇറച്ചി

- ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര

ഉത്തരങ്ങൾ

കൺപീലി

കൂട

തീപ്പെട്ടിക്കൊള്ളി

ഇലക്ട്രിക് പോസ്റ്റ്

ശവപ്പെട്ടി

കൈതച്ചക്ക

ക്യാമറ

വാതിലിന്റെ സാക്ഷ

മൂക്ക്

ചെരുപ്പ്

ലിറ്റിൽ കൈറ്റ് വിശാഖൻ.പി.എൽ 9 സി

കാലം

കെ. ഷീല

മലയാള ഭാഷാധ്യാപിക

വിരഹിണിയായ കാലം
വിദൂരതയെ നോക്കി വിതുമ്പുമ്പോൾ
വിജനതയിലെ പ്രതീക്ഷയായി
മാറുക മാനവരെ.

അനുഭവവിവരണം

ശാസ്ത്രപഠനം

2019 ജനുവരി മാസം പതിമൂന്ന്, പതിനാല് തീയതികളിലായി ശാസ്ത്രപരിഷത്ത് സംഘടിപ്പിച്ച യുറീക്ക വിജ്ഞാനോത്സവത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത് എനിക്ക് വളരെ നേട്ടമായിരുന്നു. അതിയന്നൂർ യു. പി. എസ്സിൽ വച്ച് നടന്ന ക്ലാസ്സിൽ സ്കൂളിലെ ഹെഡ്മാസ്റ്ററായ വിജയകുമാർ സർ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. അതിനുശേഷം ക്ലാസുകൾ ആരംഭിച്ചു. ആംഗിൾ ഡാംഗിൾ മീറ്റർ നിർമ്മാണപ്രക്രിയ ആദ്യത്തെ ക്ലാസിൽ വിശദീകരിച്ചു. എല്ലാ കുട്ടികളും ആംഗിൾ ഡാംഗിൾ മീറ്റർ നിർമ്മിച്ചു. ഉച്ചയ്ക്കുശേഷം അനിരുദ്ധ് സർ നാളുകൾ കണക്കാക്കുന്നതിനെക്കുറിച്ചും ആംഗിൾ ഡാംഗിൾ മീറ്റർ ഉപയോഗിച്ച് ഒരു ഗ്രഹത്തിന്റെ ആൾട്ടിറ്റ്യൂഡ് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും നക്ഷത്രഗണങ്ങളെ എങ്ങനെയാണ് തിരിച്ചറിയുന്നതെന്നതിനെയും പറ്റി ക്ലാസെടുത്തു. ചൊവ്വ ഗ്രഹത്തിന്റെ ആൾട്ടിറ്റ്യൂഡ് കണ്ടെത്താനും മിഥുനം അടങ്ങിയ നക്ഷത്രസമൂഹത്തെ ചിത്രീകരിക്കാനും ഒരു കുട്ടി ജനിച്ച രാശി കണ്ടെത്താനുമൊക്കെ അദ്ദേഹം പഠിപ്പിച്ചു.

രണ്ടാം ദിവസം ആംഗിൾ ഡാംഗിൾ മീറ്റർ ഉപയോഗിച്ച് ഒരു കെട്ടിടത്തിന്റെ ഉയരം കണക്കാക്കുന്നതെങ്ങനെയെന്ന്

കണ്ടുപിടിക്കാൻ സാർ പറഞ്ഞു. ഗ്രൂപ്പ് തിരിച്ചുള്ള പ്രവർത്തനത്തിൽ എല്ലാ കുട്ടികളും ഉയരം കണ്ടുപിടിച്ചു. തിരിച്ച് ക്ലാസ്സിൽ വന്നതിനുശേഷം സാർ കുട്ടികൾ നിർമ്മിച്ച ആംഗിൾ ഡാംഗിൾ മീറ്റർ പരിശോധിച്ച് വിലയിരുത്തി. ഓരോ ഗ്രൂപ്പുകാരും കണ്ടെത്തിയ കെട്ടിടത്തിന്റെ ഉയരം സാർ ചോദിച്ചു. ഓരോ ഗ്രൂപ്പുകാരും കണ്ടെത്തിയ ഉയരം സാറിനോട് പറഞ്ഞു. അതിനുശേഷം ഒരു ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്വിസ് മത്സരത്തിൽ കൂടുതൽ കുട്ടികൾക്കും നല്ല പോയിന്റുകൾ ഉണ്ടായിരുന്നു. എല്ലാ കുട്ടികൾക്കും സാർ അഭിനന്ദനം നേർന്നു.

ഉച്ചയ്ക്കുശേഷം 'ബ്രൂണോയുടെ കോടതിവിചാരണ' എന്ന നാടകം അവതരിപ്പിക്കാനുള്ള പ്രവർത്തനമായിരുന്നു. എല്ലാ ഗ്രൂപ്പുകാരും ബ്രൂണോയുടെ കോടതിവിചാരണയുടെ ലഘുക്കുറിപ്പ് വായിച്ചതിനുശേഷം സ്വന്തം ആശയങ്ങൾ ഉൾപ്പെടുത്തി ഓരോ സ്ക്രിപ്റ്റ് തയ്യാറാക്കി . അതനുസരിച്ച് ക്ലാസിൽ നാടകം അവതരിപ്പിക്കുകയും ചെയ്തു. കുട്ടികൾ ചെയ്ത മറ്റ് രചനകൾ വാങ്ങിയതിനുശേഷം സമാപനചടങ്ങിലേയ്ക്ക് കടന്നു.

ശാസ്ത്രപരിഷത്ത് സംഘടിപ്പിച്ച വിജ്ഞാനോത്സവത്തിലെ ക്ലാസുകൾ എനിക്ക് വളരെയധികം പ്രയോജനപ്പെട്ടു. എനിക്ക് ഭാവിയിൽ ഈ അറിവുകൾ പ്രയോജനപ്രദമായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

ലിറ്റിൽ കൈറ്റ് അക്ഷയ്

9 ഡി

ലിറ്റിൽ കൈറ്റ് അരവിന്ദ്

ഹൈടെക് ക്ലാസ് മുറികൾ

ആഹ്ലാദത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പുതുവഴിയിലാണ് പൊതുവിദ്യാഭ്യാസ മേഖലയിന്ന്. ശാസ്ത്ര സാങ്കേതികതയുടെ മികവ് പൊതുവിദ്യാഭ്യാസത്തിൽ വരുത്തിയ മാറ്റം അളവറ്റതാണ്. വിവരവിനിമയ സാങ്കേതികതയുടെ മികവ് അസാധ്യമായ പലതിനേയും സാധ്യമാക്കിയിരിക്കുന്നു. ഒപ്പം മോഡൽ ഹയർ സെക്കന്ററി സ്കൂളും. ഇന്ന് ക്ലാസ് മുറികൾ മൾട്ടി മീഡിയ സൗകര്യമുള്ള സ്മാർട്ട് മുറികളായി പരിണമിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയുടെ ലോകത്തേയ്ക്ക് അറിവിന്റെകൈ പിടിച്ചുയർത്തി കുട്ടികളെ സ്വയം പഠനത്തിനു പ്രാപ്തരാക്കുന്ന മോഡൽ സ്കൂളിന്റെ അഭിമാന ഭാജനങ്ങളായി ഇവിടുത്തെ അധ്യാപകർ.

ലീനാകുമാരി എൻ എൽ , മലയാളം അധ്യാപിക

കഥ

അമ്മക്കിളിയും രണ്ട് കുഞ്ഞുങ്ങളും

ഒരു കാട്ടിൽ ഒരമ്മക്കിളിയും രണ്ട് കുഞ്ഞിക്കിളികളും ഉണ്ടായിരുന്നു. ഒരു ദുഷ്ടനായ പരുന്തും ആ കാട്ടിൽ താമസിച്ചിരുന്നു. അമ്മക്കിളിയുടെ താമസം ഒരു മരത്തിലാണ്. അമ്മക്കിളി എന്നും അഹാരം കൊത്തിപ്പറക്കി കൊണ്ട് വന്ന് കുഞ്ഞുങ്ങൾക്ക് വച്ചു കൊടുക്കും. ഒരു ദിവസം അമ്മക്കിളി ആഹാരം തേടിപ്പോയ തക്കം നോക്കി ദുഷ്ടനായ പരുന്ത് കുഞ്ഞിക്കിളിയെ കൊത്തിക്കൊണ്ടു പോകാൻ വന്നു. ദൂരെ നിന്നു തന്നെ കുഞ്ഞിന്റെ കരച്ചിൽ കേട്ട് അമ്മക്കിളി കൂട്ടുകാരുമായി പറന്നെത്തി. അവർ എല്ലാവരും കൂടി അവനെ ഒരു പാഠം പഠിപ്പിച്ചു. അതിനു ശേഷം പരുന്ത് ആ വഴി വന്നിട്ടേയില്ല. അമ്മക്കിളിയും കുഞ്ഞുങ്ങളും പിന്നീട് സന്തോഷമായി കഴിഞ്ഞു.

നിത്യ എസ്

ക്ലാസ്സ് :നാല് ബി

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

യാത്രാവിവരണം

2018-19 പഠനവിനോദയാത്ര

സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒരു ദിവസത്തെ പഠനവിനോദയാത്ര 3.11.2018 ശനിയാഴ്ചയായിരുന്നു. രാവിലെ 8 മണിക്കു, രണ്ടു ബസുകളിലായി അറുപതോളം കുട്ടികളും ഏകദേശം 9 അദ്ധ്യാപകരും യാത്രയിൽ പങ്കെടുത്തു. പാട്ടുകൾ പാടിയും, ആടിയും, ഉല്ലാസത്തോടെ ഞങ്ങൾ യാത്രയാരംഭിച്ചു. ഞാൻ മുഴുവൻ സമയവും പ്രിയയോടൊപ്പമായിരുന്നു. ആദ്യം നെയ്യാർ ഡാമിലേയ്ക്കാണ്.

നെയ്യാർ ഡാം

ആഹാരം കഴിക്കുന്നതിനായി നെയ്യാർ ഡാമിലുള്ള ഒരു ചെറിയ ബിൽഡിങ്ങിൽ കയറി. ആഹാരം കൊണ്ടുവരാത്തവർ കുട്ടികൾ മാത്രമല്ല ടീച്ചർമാരും ഉണ്ടായിരുന്നു. ഫ്ലോറി ടീച്ചറും ഷെറീന ടീച്ചറും നൽകിയതാണ് ഞങ്ങൾ കഴിച്ചത്. രാവിലെ മുതൽക്കെ നല്ല മഴയായിരുന്നു. ബിൽഡിങ്ങിൽ ഇരുന്നു കുറേനേരം മഴയാസ്വദിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് കുറേ മുയലുകൾ കൂട്ടിനുള്ളിൽ കിടക്കുന്നത് കണ്ടത്. പിന്നെ ഒട്ടും വൈകാതെ ഞാനും പ്രിയയും അവിടേക്ക് പോയി. ഒന്നു കറങ്ങി, അവറ്റകളെ കണ്ടുവന്നപ്പോൾ സാർ തിരിച്ചുവിളിച്ചു. എല്ലാവരും ആഹാരം കഴിച്ചതിനുശേഷം ബാഗൊക്കെ ബസ്സിൽ വച്ച് ഡാം കാണുവാൻ ഇറങ്ങി. ബിനീഷ് സാർ എല്ലാവരേയും വിളിച്ചു കൊണ്ടുവരുന്ന സമയം കൊണ്ട് ഞാൻ അവിടെയുള്ള സൂചന ബോർഡ് വായിച്ചു. അപ്പോഴാണ് പവലിയൻ എന്ന വാക്ക് എന്നെ സംശയത്തിലാക്കിയത്. എന്താണെന്ന് എനിക്ക് ഒട്ടും മനസ്സിലായില്ല. കാരണം ഞാൻ അതിനുമുമ്പ് നെയ്യാർഡാമിൽ പോയിട്ടുണ്ട്. അതാണ് എന്റെ സംശയത്തിന്റെ താക്കോൽ. പോകാൻ സമയമായി എന്ന് സാർ വിളിച്ചുപറഞ്ഞു. ഞങ്ങൾ ഒരു വരിയായി നടക്കുവാൻ തുടങ്ങി. കുറേ ദൂരം നടക്കണം.

നടന്ന് കയറിച്ചെല്ലുന്നത്, കഥകളി അവതരിപ്പിക്കുന്ന ഒരു സംഘം ആളുകളുടെ പ്രതിമയാണ്. പിന്നെയാണ് ഡാം കാണുവാൻ പോകുന്നത്. നമ്മളുടെ (ഞാനും പ്രിയയും) സംശയം തീർക്കുന്നതിനു ഷെർളി ടീച്ചറോടൊപ്പം കൂടി. പക്ഷേ ഒന്നും ചോദിക്കുവാൻ സാധിച്ചില്ല. കാരണം അവിടത്തെ കാഴ്ചകളാണ്. അങ്ങ് ദൂരെ പച്ചമെത്ത വിരിച്ച മലകൾ. അവ മഞ്ഞിൽ മൂടിക്കിടക്കുന്നു. കുറച്ചുകൂടി നടന്ന് ഡാമിനെ നോക്കി. എന്തൊരു ഭംഗി... എന്നിട്ട് ഒന്ന് ചുറ്റും നോക്കി. ശരിക്കും ഒരു മാന്ത്രികലോകം പോലെ. അങ്ങനെ പിന്നെയും യാത്ര തുടർന്നു. അപ്പോഴതാ.... വെള്ളത്തിനു മുകളിൽ പൊങ്ങി നിൽക്കുന്ന മരത്തിന്റെ ശിഖരം. അതിൽ നിറയെ പക്ഷികൾ.

അവിടം കഴിഞ്ഞാൽ അടുത്തത് ഞാൻ നേരത്തെ സംശയത്തിലായ സ്ഥലമാണ് പവലിയൻ. പവലിയൻഎന്നത് നെയ്യാർഡാമിലെ കാഴ്ചകൾ വളരെ ഉയരത്തിൽ നിന്നു കാണുന്നതിന് വേണ്ടിയുള്ളതാണ്. ഞാനും പ്രിയയും ഓടിക്കയറി. ഏകദേശം 60 പടവുകൾ ഉണ്ട്. അവിടെ നിന്നും നോക്കിയപ്പോൾ എനിക്ക് ശരിക്കും അത്ഭുതം തോന്നി. എന്നിട്ട് തിരിച്ചിറങ്ങി, താഴെയൊക്കെ കറങ്ങി, ഫോട്ടോയെടുത്ത്, അക്വേറിയത്തിലേക്ക് മടങ്ങി. പോകുന്ന വഴിയിൽ ഡാമിനെ അല്പം അരികിൽ ചെന്നു. കാണുവാൻ സമ്മതിച്ചു.അക്വേറിയത്തിലേയ്ക്ക് പോയി

ടിക്കറ്റെടുത്തു.അക്വേറിയത്തിനുള്ളിൽ നിന്നും നിരവധി പുതിയ മീനുകളെ പരിചയപ്പെടുവാൻ സാധിച്ചു. ശേഷം ഐസ്ക്രീം കഴിച്ച്, ബസ്സിനടുത്തേയ്ക്ക് മടങ്ങി. നെയ്യാർ ഡാം ഓർമ്മയായ്.

കോട്ടൂർ

കോട്ടൂർ ആനപരിപാലന സങ്കേതത്തിലേയ്ക്ക് പോകും മുൻപ് മാൻ പരിപാലന സങ്കേതത്തിൽ കയറി. കുറച്ചുനേരം അവിടെനിന്നു. എന്നിട്ട് ആനവളർത്തൽ കേന്ദ്രത്തിൽ കയറി. വലുതും ചെറുതുമായി 2-3 ആനകളെ

കണ്ടു. തിരികെ വന്നപ്പോൾ അവിടെയുള്ള പാർക്കിൽ കയറി. ബിനീഷ് സാറും കൂടി. പിന്നെ അവിടെനിന്നും ഫോട്ടോയെടുത്ത് അടുത്ത സ്ഥലത്തേയ്ക്ക് പോകുവാൻ ഒരുക്കമായി.

ജലശുദ്ധീകരണം

ചെന്നയുടനെ തന്നെ ഒരു വരിയായിരുന്നു. ശേഷം പ്യൂരിഫിക്കേഷൻ സെന്ററിലേയ്ക്ക് കൊണ്ടപോയി. വെള്ളം ശുദ്ധീകരിക്കാനുള്ള ഓരോ ഘട്ടങ്ങളും പറഞ്ഞു തന്നു. കൂടുതലും 7-ാം ക്ലാസ്സുകാർക്കാണ് ഇവ മനസ്സിലാക്കുന്നത്. പിന്നെ 'ജപ്പാൻ വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാന്റ് ' കാണിച്ചതന്നു. അവിടെ വെള്ളം വൃത്തിയാക്കുന്നതിന് 72 മണിക്കൂർ വേണം പ്യൂരിഫൈ ചെയ്യുന്നത്. പിന്നെ ഒരു മണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് വെള്ളം എത്തിച്ചേരും.ഞങ്ങൾക്കുവേണ്ടി എല്ലാം വിവരിച്ചതന്ന യോശഹന്നാൻ സാറിന് നന്ദിയും സ്കൂളിന്റെ വക ഒരു ട്രോഫിയും നൽകി.6-ാം ക്ലാസ്സിലെ വൈഷ്ണവിയാണ് നന്ദി പറഞ്ഞത്. ശേഷം ഉച്ചഭക്ഷണം കഴിക്കുവാൻ അരുവിക്കര പാർക്കിൽ കയറി. ആഹാരം കഴിച്ച് യാത്രയായി.

ആകാശവിസ്മയം

ഞങ്ങൾ ചെന്നപ്പോഴേ സമയമായി കഴഞ്ഞിരുന്നു. പിന്നെ പെട്ടെന്നു തന്നെ കയറി. ഞാനും പ്രിയയും ഒരുമിച്ച് ഇരിന്നു. ലൈറ്റ് ഓഫ് ചെയ്തപ്പോൾ എവിടെയൊക്കെ നിന്നോ ശബ്ദങ്ങൾ കേട്ടു. ഭാഷ എന്നതാണ് വിഷയം. ഭ്രമിയിൽ ഭാഷയുടെ വ്യത്യാസം.'ഹലോ യർത്ത്' എന്നതായിരുന്ന വീഡിയോയുടെ പേര്. ഒരു മണിക്കൂർ ഉണ്ടായിരുന്നുവെന്ന് തോന്നുന്നു.പിന്നെ ചായ കുടിച്ച് ബസ്സിലേയ്ക്ക് കയറി.

കാലംകാത്തമാളികപ്പുറം

പത്മനാഭസ്വാമി ക്ഷേത്രത്തിനടുത്തുള്ള കുതിരമാളിക വളരെ അറിവുകൾ പറഞ്ഞു തന്നു. പണ്ടു കാലത്തെ ഒത്തിരി വിസ്മയങ്ങൾ ചേർത്ത് ഒരുക്കിയതാണ് കുതിരമാളിക. ചെരുപ്പ് പുറത്തെ കൗണ്ടറിൽ വച്ച് ഉള്ളിൽ കയറി. സ്വാതിതിരുനാൾ രാജാവിന്റെ ഒരു പെയിന്റിംഗ്.നാം ഏതു ദിശയിൽ നിന്നു നോക്കുന്നുവോ ആ ദിശയിലേയ്ക്ക് അദ്ദേഹത്തിന്റെ ചെരുപ്പും മുഖവും ദ്രിഷ്ടിയും ഉണ്ടാകും. ദന്തസിംഹാസനം,കിളിവാതിൽ അങ്ങനെ ഒത്തിരിയൊത്തിരി.പിന്നെ 'ആർട്ട് ഗാലറി' കാണുവാൻ പോയി. പത്മനാഭപുരം ക്ഷേത്രത്തിലെ ആറാട്ടും,തിരുവിതാംകൂർ ഭരിച്ച രാജാക്കന്മാരും അവരുടെ പടയാളികളും, അങ്ങനെ ചരിത്രപരമായ സംഭവങ്ങളുടെ ഒരു ആവിഷ്കരണമായിരുന്നു ആർട്ട് ഗാലറി.പിന്നെ ഒരു ആനയുടെ തല.പിന്നെയും അടുത്ത സ്ഥലത്തേയ്ക്ക് യാത്രയായി.

കടൽതിരമാല

വൈകുന്നേരം 6:30 - യോടു കൂടി ഞങ്ങൾ കോവളം ബീച്ചിൽ എത്തിച്ചേർന്നു. സമയം ഏറെ വൈകിയതു-കൊണ്ട് കടൽ വെള്ളം കാലിൽ തട്ടുവാൻ പോലും കഴിഞ്ഞില്ല. പിന്നേ കുറച്ചു നേരം അവിടെയിരുന്നു. ക്ഷീണമൊക്കെ മാറ്റി, ചായ കുടിച്ച് തിരിച്ച് സ്കൂളിലേയ്ക്ക് മടങ്ങുവാൻ തിരുമാനിച്ചു. ബസ്സിൽ കയറി, വളരെ സന്തോഷത്തോടെയാണ് മടക്കം. നല്ല മഴയായിരുന്നു. അതുകൊണ്ട് ബസ്സ് പതുക്കെയാണ് വന്നത്. സ്കൂളിന്റെ മുൻപിലത്തെ റോഡിൽ വണ്ടി നിർത്തി. എന്റെ അച്ഛൻ കാത്തുനിൽക്കുകയായിരുന്നു. മഴമാറിയപ്പോൾ അച്ഛൻ എന്നെയും അനിയനേയും കൊണ്ട് തിരിച്ചു മടങ്ങി.

തിരിച്ചു മടങ്ങുമ്പോഴും എന്റെ മനസ്സിൽ യാത്രാ ഓർമയായിരുന്നു. തന്റെ വയസ്സും എല്ലാം മറന്ന് കൊച്ചുകുട്ടികളെപ്പോലെ ഞങ്ങളോടൊപ്പം കൂടിയ, കവിത ടീച്ചറേയും, ഷീലടീച്ചറേയും ഞാൻ ഒരിക്കലും മരക്കില്ല.

കാത്തിരിപ്പുകൾക്കൊടുവിൽ ആകാശകാഴ്ച്ചകളിലേയ്ക്ക് എന്നെക്കൊണ്ട് എത്തിച്ച പ്ലാനിറ്റോറിയം എന്നും എന്റെ മനസ്സിന്റെ ഓർമയിൽനിൽക്കും.

പാർവതി. എസ്. എസ് 7 ബി

ലിറ്റിൽ കൈറ്റ് അനുപ് ചന്ദ്രൻ

ആത്മ സഖി

കെ. ഷീല

മലയാള ഭാഷാധ്യാപിക

ഒരുപാടു പേർ വരും

കൂട് കൂട്ടും

ഇളവെയിലേല്ക്കുമീ ചില്ലയിൽ

പിന്നെ ഒരു നാൾ

അകലേയ്ക്കകലേയ്ക്കകന്നു പോകും

മൽ സഖീ

അന്നുമീ ചില്ലയിൽ

കൊക്കുകൾ ചേർത്ത് രണ്ടിണക്കിളികൾ

അത് ഞാനും നീയും മാത്രം സഖീ...

കൃഷ്ണി

ശലഭങ്ങളുടേതു മാത്രമായ ഒരു കൊച്ചു ലോകം. അവിടെയാണ് നമ്മുടെ പ്രിയങ്കരിയായ കൃഷ്ണി താമസിക്കുന്നത്. ശലഭറാണിക്ക് ഏറ്റവും പ്രിയങ്കരിയായിരുന്ന ഇവൾ. ഇവൾക്ക് ജീവനതുല്യം സ്നേഹിക്കാൻ ഒരു കൊച്ചനുജനുണ്ടായിരുന്നു. എല്ലാ കഥയിലെയും പോലെ ഇവിടെയും ഉണ്ട് ഒരു വില്ലൻ അതാണ് ചിലന്തി. ഒരു ദിവസം രാവിലെ കൃഷ്ണി ആഹാരം തേടിപ്പോകുന്നതിനിടയിൽ അറിയാതെ ആ ചതിയൻ ചിലന്തിയുടെ വലയിൽ അകപ്പെടുന്നു. പാവം കൃഷ്ണി എന്തു ചെയ്യണമെന്നറിയാതെ അവൾ സങ്കടപ്പെട്ടു.

ആ ചിലന്തി എത്രയും പെട്ടെന്ന് ഇവിടെ എത്തും എന്ന് അവൾക്കറിയാമായിരുന്നു. പെട്ടെന്നാണവൾ ആ ശബ്ദം കേട്ടത്. "കൃഷ്ണി. അവളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരൻ തേനീച്ചയായിരുന്നു അത്. ആ ആപത്തിൽ നിന്നും അവളെ രക്ഷിക്കാൻ എത്തിയ അവൻ കഷ്ടപ്പെട്ട് അവളെ രക്ഷിച്ചു. അതിനുശേഷം അവർ ഒരുമിച്ച് അവിടെനിന്ന് പറന്നുപോയി. അങ്ങനെയിരിക്കെ ഒരു ദിവസം അവൻ അവന്റെ വീട് കാണിച്ചുകൊടുക്കാമെന്ന് പറഞ്ഞ് അവളെ കൊണ്ടുപോയി. എന്നാൽ തേനീച്ചയുടെ സ്നേഹമുള്ള സ്വഭാവം ആയിരുന്നില്ല. അവന്റെ കുടുംബാംഗങ്ങൾ വളരെ ക്രൂരതയോടെയാണ് അവളോട് പെരുമാറിയത്. അത് അവൾക്ക് വളരെയധികം സങ്കടമുണ്ടാക്കി.

പിറ്റേന്ന് രാവിലെ എല്ലാ ദിവസത്തെയും പോലെ അവളോടൊത്ത് തീറ്റതേടാൻ പോകാൻ എത്തിയ തേനീച്ചയ്ക്ക് അവളെ കാണാനായില്ല. അവൻ അവളെ അന്വേഷിച്ച് അവളുടെ വീട്ടിലേയ്ക്ക് പോയി. ഒരു ശലഭത്തെ സംബന്ധിച്ച് അതിന്റെ ആയുസ്സ് കുറച്ചുകാലമേ ഉണ്ടാവുകയുള്ളൂ. ആ കാഴ്ച്ച കണ്ട് സങ്കടത്തോടെതിരിച്ചുമടങ്ങിയ അവൻ ചതിയൻ ചിലന്തിയുടെ വലയിൽപെട്ടു. അന്ന് അവിടെ തേനീച്ചയെ രക്ഷിക്കാൻ ആരും എത്തിയില്ല. ചേച്ചി കൊടുക്കുന്ന

ആഹാരം മാത്രം കഴിച്ചു വളർന്ന കൃട്ടിയുടെ അനിയന് ആഹാരം തേടാൻ അറിയില്ലായിരുന്നു. അങ്ങനെ ആഹാരം കിട്ടാതെ അവനും ഭ്രമിയിൽ നിന്നും പോയി.

ലിറ്റിൽ കൈറ്റ് ഷാനിയ. എസ് 9. സി

****

പഴഞ്ചൊല്ലുകൾ

- കൈയ്യും പട്ടി കടിക്കില്ല
- വിതയ്ക്കുന്നത് കൊയ്യും
- പയ്യെത്തിന്നാൽ പനയും തിന്നാം
- ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്
- അടിതെറ്റിയാൽ ആനയും വീഴും
- കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്
- പാലം കടക്കുവോളം നാരായണ പാലം കടന്നിട്ട് കൂരായണ
- അങ്കവും കാണാം താളിയുമൊടിക്കാം
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അധികമായാൽ അമൃതും വിഷം
- നിത്യാഭ്യാസി ആനയെ എടുക്കും
- അരമന രഹസ്യം അങ്ങാടി പരസ്യം
- അഴകുള്ള ചക്കയിൽ ചുളയില്ല
- ആടറിയുമോ അങ്ങാടി വാണിഭം
- ആയിരം കോഴിക്ക് അര കാട

ലിറ്റിൽ കൈറ്റ് നന്ദുകൃഷ്ണ

കഥ

സ്വപ്നം

ജീവിതത്തിൽ ഒരുപാട് പ്രതീക്ഷകൾ ഉള്ളവരാണ് മനുഷ്യർ. അങ്ങനെ ഒരുപാട് പ്രതീക്ഷയോടെ രണ്ടുപേർ ഒന്നിക്കുന്നു. ഒരു കുടുംബം ഉണ്ടാകുന്നതിന്റെ ആദ്യ ചുവട്. രണ്ടു ദിക്കുകളിൽ നിന്ന്, രണ്ടു പ്രദേശങ്ങളിൽ നിന്ന്, രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന്,രണ്ടു സ്വഭാവസവിശേഷതകളുള്ള രണ്ടുപേർ ആശയും മോഹനും. രണ്ടു പേരും പ്രകൃതിയെയും മനുഷ്യരെയും ഒരുപോലെ സ്നേഹിക്കുന്നവരാണ്. അങ്ങനെ അവർ അവരുടെ ഇണക്കങ്ങളും പിണക്കങ്ങളും പങ്കുവച്ച് സന്തോഷത്തോടെ കഴിയുന്നു.

കുട്ടിനിപ്പോൾ ഒരതിഥികൂടിയുണ്ട്. മാളവിക, അവരുടെ മകൾ. മേസ്തിരി പണിയെടുത്താണ് മോഹൻ കുടുംബം പോറ്റുന്നത്. ഒരു വാടകവീട്ടിലാണ് ആ കുടുംബം കഴിയുന്നത്. അതുമാത്രമാണ് അവരുടെ ദു:ഖം, ബാക്കിയുള്ള കാര്യങ്ങൾ മോഹൻ നോക്കിക്കൊള്ളും. അങ്ങനെയിരിക്കെ വിദേശത്ത് പോകാൻ മോഹന് വിസ വന്നു. ഭാര്യയെയും മക്കളെയും പിരിയാൻ അദ്ദേഹത്തിന് വിഷമമുണ്ടെങ്കിലും തനിക്കൊരു വീടുവേണമെന്ന ആഗ്രഹം മോഹനെ പോകാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ മോഹൻ വിദേശത്തേയ്ക്ക്. ആശയും മകളും പുതിയ ഭവനത്തെ സ്വപ്നം കാണുകയാണ്. പൊരിവെയിലത്ത് കഷ്ടപ്പെട്ട് മോഹൻ കാശുസമ്പാദിച്ച് കൂട്ടി വയ്ക്കുന്നു. അങ്ങനെ ഒരു ഭവനം നിർമ്മിക്കുവാൻ അവർ തീരുമാനിച്ചു. അങ്ങനെ അവരുടെ ഭവനം ഉയർന്നു ഒരു നില പൂർത്തിയായി. അടുത്ത നിലയിൽ മക്കൾ മാളവികയ്ക്കും മോഹന്റെ അമ്മക്കും മുറി വേണം. അതിനുള്ള ഒരുക്കമാണ്. വർഷം മൂന്നായി മോഹൻ പോയിട്ട് മോൾക്കും മൂന്നുവയസ്സ് കഴിഞ്ഞു. മോഹൻ ഫോൺ വിളിക്കുമ്പോഴൊക്കെ മകൾ ഒരു പാവയെക്കുറിച്ച് പറയാറുണ്ട്. നീണ്ട മുടികളുള്ള

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

നീല ഉടുപ്പ് ധരിച്ച പാട്ടുപാടുന്ന പാവക്കുട്ടി. അങ്ങനെ അവരുടെ വീടുപൂർത്തിയായി എന്നാലും മോഹൻ വന്നതിനു ശേഷമേ പാലുകാച്ചുള്ളൂ. അങ്ങനെ രണ്ടു വർഷം കൂടി കടന്നുപോയി.

മകളുടെ അഞ്ചാം പിറന്നാളിന് പാലുകാച്ചും തീരുമാനിച്ചു. ആ ദിനത്തിന് കാത്തിരിക്കുകയാണ് ആ അമ്മയും മകളും. ചെറുതായി മഴ ചാറുന്നുമുണ്ട്. വാടക വീട്ടിൽ അമ്മയും മകളും മാത്രം. രണ്ടു ദിവസം കനത്ത മഴയുണ്ടാകുമെന്ന് വാർത്തയിൽ പറയുന്നു. രണ്ടു ജില്ലകളിൽ കളക്ടർ അവധി പ്രഖ്യാപിച്ചു. അന്ന് രാത്രിയിൽ നല്ല മഴയായിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് ഭവനത്തിന്റെ പാലുകാച്ചാണ്. അങ്ങനെ ഇരുവരും ആ മഴയുള്ള രാത്രിയിൽ ഉറങ്ങാൻ കിടക്കുകയാണ്. ആശയുടെ മനസ്സിൽ ഭവനത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മാത്രം. പിറ്റെന്നും മഴ ആ നിലപാടിൽ തന്നെ. കറണ്ടില്ല, ഡാമുകൾ തുറക്കുന്നുവെന്നും അറിഞ്ഞു. വിദേശത്തേക്ക് വിളിക്കാൻ റെയ്ഞ്ച് കിട്ടുന്നില്ല. വല്ലാതെ വിഷമത്തിലായി. എന്നാലും പുതിയ ഭവനത്തിന്റെ സന്തോഷവുമുണ്ട്. ഇരുവരുടെയും മുഖത്ത്. പിന്നെ വൻ പ്രളയം തന്നെയായിരുന്നു.

മരങ്ങൾ ഒടിയുന്നു. മണ്ണിടിയുന്നു. വീടുകൾ തകരുന്നു. ജനങ്ങൾക്ക് ജാഗ്രത. തുടങ്ങിയവാർത്തകൾ തന്നെ എങ്ങും കേൾക്കാം. മുറ്റം വരെ വെള്ളം നിറഞ്ഞു. അന്നു രാത്രികൂടികഴിഞ്ഞാൽ പുതിയ രീതിയിൽ ആശ്വസിപ്പിക്കുകയാണ് ആശ അത് ശരിയായിരുന്നു. ആ രാത്രിയോടെ എല്ലാം അവസാനിച്ചു. പിറ്റേന്ന് രക്ഷാപ്രവർത്തനത്തിനെത്തിയവർ പുതപ്പിനുള്ളിൽ രണ്ടു മൃതദേഹങ്ങൾ കണ്ടെത്തി. ഇതൊന്നും അറിയാതെ മകൾ എന്നും പറയാറുള്ള പാവയും വാങ്ങി പുതിയ ഭവനത്തിന്റെ പാലുകാച്ചും മകളുടെ പിറന്നാളും ആഘോഷിക്കാനെത്തുന്ന ഗൃഹനാഥൻ വീടൊന്നു കാണാൻ പറ്റാതെ മകളെയും ഭാര്യയെയും ഒന്നു കാണാനോ വിളിക്കാനോ കഴിയാതെ പ്രളയം കണ്ടമ്പരന്നു നിന്നു.

സൂര്യ രാജ് ടി.എ 10 എ

ഡിജിറ്റൽ പെയിന്റിംഗ് ബെൻസൻ ബാബു ജേക്കബ്

8 ബി

ലേഖനം

ആഗോളതാപനം

ഹരിതഗൃഹവാതകങ്ങളുടെ ആധിക്യം മൂലം ഭൗമോപരിതലത്തിന്റെയും അന്തരീക്ഷത്തിന്റെയും താപനില വർദ്ധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം. മാനുഷികപ്രവർത്തനങ്ങൾ കൊണ്ടും മറ്റു പ്രകൃത്യാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹവാതകങ്ങളായ കാർബൺ ഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നു. സൂര്യനിൽനിന്നും ഭൂമിയിലേക്ക് എത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. ആഗോളതാപനത്തിന്റെ ഫലമായി ഉയർന്ന ചൂടിന്റെ 80 ശതമാനവും ആഗിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്. ഇതു മൂലം സമുദ്രജലം 3000 മീറ്റർ ആഴത്തിൽ വരെ ചൂടുപിടിക്കുന്നു. ഇങ്ങനെ ചൂടുപിടിച്ച് വ്യാപ്തം വർദ്ധിക്കുന്ന ജലം സമുദ്രനിരപ്പിൽ കാര്യമായ ഉയർച്ചയ്ക്ക് കാരണമാകുന്നു. കൂടാതെ ധ്രുവങ്ങളിൽ മഞ്ഞും ഹിമാനിയും ഉരുകുന്നതിനും ഇത് കാരണമാകുന്നുണ്ട്. മനുഷ്യനടക്കമുള്ള മിക്കജീവജാലങ്ങളെയും ഈ കാലാവസ്ഥാമാറ്റങ്ങൾ പ്രതികൂലമായി ബാധിക്കുന്നു. കാലാവസ്ഥയിലുള്ള

അസ്ഥിരത മിക്ക കാർഷികവിളകളെയും ദോഷകരമായി ബാധിക്കുന്നു. സമുദ്രനിരപ്പിലുള്ള ഉയർച്ച തീരദേശനിവാസികളുടെ വാസസ്ഥലം അപഹരിക്കുന്നു. ആഗോളതാപനത്തിന് കാരണമാകുന്ന എല്ലാ പ്രവർത്തനങ്ങളും മനുഷ്യൻ നിർത്തിവച്ചാൽ പോലും ഓരോ ദശാബ്ദത്തിലും 0.1 ഡിഗ്രി സെൽഷ്യസ് ഉയർച്ച അടുത്ത രണ്ടു ദശാബ്ദങ്ങളിൽ താപനിലയിൽ ഉണ്ടാകുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

ആഗോളതാപനം കുറയ്ക്കാനായി മനുഷ്യന് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ പ്രായോഗികമായി നടപ്പിലാക്കുക. കാർ, മോട്ടോർ സൈക്കിൾ മുതലായ വ്യക്തിഗതവാഹനങ്ങൾക്ക് പകരം പൊതുഗതാഗത സംവിധാനങ്ങളോ സൈക്കിളുകളോ ഉപയോഗപ്പെടുത്തുക. അത്യാവശ്യമില്ലാത്ത വൈദ്യുതോപകരണങ്ങൾ നിർത്തിയിടുകയും മറ്റുള്ളവരെ ബോധവൽക്കരിക്കുകയും ചെയ്യുക. വനവൽക്കരണം പ്രോൽസാഹിപ്പിക്കുക. ഇന്ന് മനുഷ്യൻ നേരിടുന്ന എല്ലാ കാലാവസ്ഥ വ്യതിയാനങ്ങൾക്കും കാരണമായ ആഗോളതാപനം എന്ന ഭീകരൻ ഭൂമിയെ കാർന്നു തിന്നുന്നതിൽനിന്നും രക്ഷിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രയത്നിക്കാം.

ലിറ്റിൽകൈറ്റ് അശ്വിൻ

9 ഡി

കൊച്ചനുജൻ

(ഇടശ്ശേരിയുടെ കൊച്ചനുജൻ വായിച്ചപ്പോൾ ഉണ്ടായ അനുഭവം)

'കൊച്ചനുജൻ' വായിച്ചെന്നുടെ നേത്രത്തിൽ,
കണ്ണീർ ധാരയായി ഒഴുകി വീണു.
ആശ്വാസവാക്കോതുവാൻ തോന്നിപ്പോയ്,
ആത്മബന്ധം മുറ്റും ഈ കവിത.
ആഴത്തിലിത്രയും താണിറങ്ങിപ്പോയ്, സൂര്യ രാജ് ടി.എ
വേരിനിയെങ്ങനെ നീ പറിക്കും"
സോദരബന്ധത്തിൻ ശക്തിയും സ്നേഹവും,
ഈ വരി നമ്മെ ഓർമ്മിപ്പിക്കും.

ചെറുതുള്ളി

എൻമേൽ പതിച്ചൊരു ചെറുതുള്ളി കണ്ടു ഞാൻ,
മേലോട്ടു നോക്കി കണ്ണോടിക്കെ,
കണ്ടു ഞാനപ്പോൾ, പല വർണ്ണത്തുള്ളികൾ
മഴവില്ലു പോലെ എൻ മാനസത്തിൽ

കഥ

മുത്തശ്ശിമാവ്

ഒരിടത്ത് ഒരു മാവുണ്ടായിരുന്നു.ആ മാവിന്റെ അടുത്ത് ഒരു വീടുണ്ടായിരുന്നു. ഒരു ദിവസം വലിയ ശബ്ദം കേട്ടു.

ഡിം!ഡിം!അതു കേട്ട് വീട്ടിൽ നിന്നും ടിട്ടു ഓടി വന്നു.

അയ്യോ!എന്റെ മുത്തശ്ശി മാവ്!

അമ്മേ,എനിക്ക് ഇനി മാങ്ങ കിട്ടില്ലേ!

നല്ല മാവ് ആയിരുന്നു.

ടിട്ടു കരഞ്ഞു ങീ...ങീ...

അദിത്യൻ.എസ്.എസ്

6 സി

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

ലിറ്റിൽ ക്കൈറ്റ്സിന്റെ ഡിജിറ്റൽ പെയിന്റിംഗ്സ്

മാതൃസ്നേഹം

ഗോപീ ചന്ദന. പി

8 ബി

അമ്മയെന്നുള്ള രണ്ടക്ഷരത്തിൽ നി-
ന്നറിയാം സ്നേഹത്തിൻ മാധുര്യത്തെ
ഒരു ജന്മം മുഴുവനും വറ്റാത്ത സ്നേഹത്തിൻ
നിറകുടമായമ്മഒപ്പമുണ്ട്.
അമ്പിളിമാമൻ!
ഓരോ മനുഷ്യനും സ്നേഹിക്കുന്നുണ്ട
മ്മതൻ നന്മയെയെന്നുമെന്നും
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
ഭൂമിയെക്കാക്കുന്ന ദീപസ്തംഭം
അമ്മ പകർന്ന ഗുണങ്ങളെല്ലാം തന്നെ
ജീവിതത്തിലെന്നെന്നും കൂടെയുണ്ട്
അമ്മ തൻ മാഹാത്മ്യം ഒത്തു പാടീടാം
എന്നുമവിടുത്തെ സ്നേഹത്തിനായി.

മറക്കാൻ കഴിയാത്ത ഒരു പുലർക്കാലം

ഒരു പുലർക്കാലം വളരെയധികം കൗതുകം ലഭിക്കുന്ന കാഴ്ച കാണാൻ എന്നെ ഇടയാക്കി. ആനന്ദകരമായ അന്തരീക്ഷം ആളുകൾ പരസ്പരം അവരുടെ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കു വയ്ക്കുന്നു. കുട്ടികൾ അവരുടെ കൂട്ടുകാരുമായി കളിച്ചും ചിലർ അവരുടെ മാതാപിതാക്കളുമായും മറ്റ് ചിലർ പണിക്ക് പോകുവാനുമുള്ള യാത്ര. എന്നാൽ എല്ലാ പേരും വളരെ ധൃതിയിലാണ്. ഇതിനിടയിലെ മറ്റൊരു കാഴ്ചയാണ് അപ്പുവിന്റേത്. വളരെ ദാരിദ്ര്യം നിറഞ്ഞ കുടുംബത്തിലാണ് അപ്പുവിന്റെ ജനനം. വളരെയധികം കഷ്ടപ്പാടുകളും പ്രയാസങ്ങളും കടങ്ങളുമായാണ് അവരുടെ ജീവിതാവസ്ഥ. അച്ഛൻ ശശിധരൻ, അദ്ദേഹം ഒരു കൃഷിക്കാരനാണ്. അപ്പുവിന്റെ അമ്മ കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഹൃദ്രോഗം മൂലം ലോകത്തിൽ നിന്ന് വിട വാങ്ങാൻ ഇടയായി. പിന്നെയുള്ളത് ഒരു അനിയത്തി മാത്രം. അവൾ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. നിലാവുള്ള രാത്രിയിൽ വീട്ടിന്റെ ഉമ്മറത്തിരിക്കുന്ന അപ്പു ഒരു നിലവിളി ശബ്ദം കേട്ടു. അപ്പു

നന്ദന രാജേഷ് 9 എ

ഭയന്നു. പെട്ടെന്ന് അവൻ നിലവിളി കേട്ട വീട്ടിലേയ്ക്ക് ഓടി ചെന്നു. അവിടെ ആനിയുടെ ഭർത്താവായ ജോസിന്റെ വയറ്റിൽ മൂർച്ചയേറിയ കത്തി ആഴത്തിൽ കുത്തിയിറങ്ങുന്ന ദൃശ്യം. അവന്റെ കണ്ണുകൾ കണ്ണീരാൽ നിറഞ്ഞു. അവന്റെ ചുണ്ടുകൾ വിതുമ്പുന്നുണ്ടായിരുന്നു. ആ കൊലപാതകം ജോസിന്റെ സുഹൃത്തായ ആന്റണി ചെയ്തതെന്നാണ് നാട്ടുകാർ പറയുന്നത്. ആരും അതിന്റെ സത്യാവസ്ഥ അറിഞ്ഞില്ല. പക്ഷേ മറ്റു ചിലർ പറയുന്നത് എന്തെന്നാൽ "അപ്പുവല്ലേ ആ വീട്ടിലേയ്ക്ക് പോയത് അപ്പോൾ അവനായിരിക്കും ചെയ്തിട്ടുണ്ടാകുക." ഈ കേസുമായി ബന്ധപ്പെട്ട് പോലീസുകാർ ആനിയുടെ വീട്ടിലെത്തി. പലരുടെയും അഭിപ്രായപ്രകാരം അപ്പു കുറ്റക്കാരനായി. പോലീസ് ഉദ്യോഗസ്ഥർ നിരപരാധിയായ അപ്പുവിനെ ചോദ്യം ചെയ്യാനായി ജീപ്പിൽ കയറ്റിക്കൊണ്ടു പോകുകയും ചെയ്തു. അപ്പോൾ അവൻ ഞാനല്ല ഇത് ചെയ്തതെന്ന് ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തു. അവർ അവനെ മർദ്ദിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. എനിക്കാകെ വിഷമമായി. എന്റെ കണ്ണുകൾ നിറഞ്ഞു.

ആ സമയം ആരോ എന്റെ ശരീരത്തിൽ പിടിച്ചു വലിക്കുകയും എണീക്ക് മോളേ.....എണീക്ക് മോളേ..... ഇന്ന് നിനക്ക് സ്കൂളിൽ പോകേണ്ടേ..... എന്ന് ചോദിക്കുന്നുണ്ടായിരുന്നു. ഞാൻ കണ്ണു തുറന്നു നോക്കുമ്പോൾ അത് അമ്മയായിരുന്നു. ഞാൻ കണ്ടതെല്ലാം ഒരു സ്വപ്നമായിരുന്നു.

നന്ദനാരാജേഷ് 9 എ

ഞാൻ ഭാരതീയനാണ്

കവിത

അന്നാ മേരി.ആർ 8 ബി

ഭാരതമാതതൻ കാൽപ്പാടുകൾ വീണ
നാട്ടിലാണെന്റെ നാട്
ബുദ്ധനും ജൈനനും ശ്രീകൃഷ്ണനുമെല്ലാം
വാണതാണെന്റെ നാട്
സൗഹൃദപൂർവ്വം ഞങ്ങൾ വസിച്ചീടും
വീടാണ് നമ്മുടെ നാട്.
ചിരിച്ചും കരഞ്ഞും പിരിഞ്ഞും പിണങ്ങിയും
നീളുന്ന നാളുകൾ നീളെ
അക്ഷരം ചൊല്ലിപ്പഠിപ്പിക്കുവാൻ വന്ന
ഇംഗ്ലീഷ് മനുഷ്യരീ നാട്ടിൽ
പഠിച്ചു പഠിച്ചു വൻ സ്വപ്നങ്ങൾ നേടിനാം
ശാസ്ത്രത്തിൽ വമ്പന്മാരായി
സർവ്വക്ഷണവുമീ ക്ഷോണിയെ ചുറ്റീടും
ചന്ദ്രനെക്കാണാൻ മുതിർന്ന
വേറെയും ഭൂമികൾ തേടിപ്പോയീടുന്ന
മാനവർക്കെന്തിനീ ഭൂമി? ഈ പഴയ ഭൂമി?
ചപ്പുചവറുകൾ തൻ കൂനകൾ കാണുന്നു
വെട്ടിനശിപ്പിക്കും വൃക്ഷങ്ങൾ കാണുന്നു
ടാറിട്ട റോഡുകൾ നീളെ കൂടുന്നു
എന്റെ നാടിനെ സ്നേഹിക്കാൻ നേരമില്ല നമുക്ക്
നാടിനെ സ്നേഹിക്കാൻ സമയമില്ല.

ചിത്രം: ശൃംഗ ജെ ഗിരി

സ്കൂൾ വാർഷികം

ഗവ.മോഡൽ എച്ച്എസ്സ് എസ്സ് വെങ്ങാന്നൂർ

വിധിയുടെ മുഖം മൂടി

ജിൻസി.ആർ.എസ്

മഞ്ഞു പെയ്യുന്ന ഒരു പുലർക്കാലം. അരുൺ നടക്കാനിറങ്ങി. തന്റെ മുന്നിലൂടെ കടന്നു പോയ ആ കുട്ടിയെ അരുൺ ഒന്നു നോക്കി. എന്തോ ചേഷ്ടകൾ കാണിച്ച് കൊണ്ടാണ് പോകുന്നത്. മണിക്കൂറുകൾ വളരെവേഗം കടന്നു പോയി. മണിക്കൂറുകൾ കടന്നു പോയിട്ടും ആ കുട്ടിയെ കുറിച്ചുള്ള ചിന്തകൾ അരുണിന്റെ മനസ്സിന്റെ കോണിൽ മായാതെ തങ്ങി നിന്നു. ആ കുട്ടി ആരാണെന്ന് കണ്ടെത്താൻ അരുൺ തീരുമാനിച്ചു. ആദ്യം അരുൺ നാട്ടുകാരോട് അന്വേഷിച്ചു. അവർക്ക് അവനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന വയസ്സനോട് അന്വേഷിച്ചപ്പോൾ ആ കുട്ടിയുടെ പേര് ദീപു എന്നറിയാൻ അവനു കഴിഞ്ഞു. ചെറുപ്പത്തിലെ മാനസികമായി തളർന്ന അവന് സാന്ത്വനമായത് അമ്മയും അച്ഛനും അനിയത്തിയുമാണ്. ഉറക്കമില്ലാത്ത സമയങ്ങളിൽ അമ്മ താരാട്ട് പാടിയും അച്ഛൻ കളി പറഞ്ഞും അനിയത്തി ചിരിപ്പിച്ചും അവനെ ഉറക്കുമായിരുന്നു. അവന്റെ സന്തോഷത്തിനായി കന്യാകുമാരിയിൽ പോകുന്ന സമയം ഒരു ലോറി അപകടത്തിൽപ്പെട്ട് അവന്റെ

അച്ഛനും അമ്മയും അനിയത്തിയും അവനെ വിട്ടു പിരിഞ്ഞു പോയി. അതോടെ അവന്റെ മാനസിക നില വീണ്ടും തെറ്റി. ചില സമയങ്ങളിൽ അവന്റെ അമ്മയുടെ താരാട്ട് പാട്ടും അച്ഛന്റെ കളികളുമൊക്കെയോർത്ത് അവൻ പൊട്ടിക്കരയും. ഇതൊക്കെ കേട്ടതും അരുണിന്റെ മനസ്സ് വിഷമിച്ചു. അടുത്ത ദിവസം ദീപുവിനെ കണ്ടപ്പോൾ അവന് നല്ല ആഹാരം വാങ്ങിക്കൊടുത്തു. അവനെ വീട്ടിൽ കൊണ്ടു പോയി. നിനക്ക് എന്ത് വേണം എന്നുള്ള അരുണിന്റെ ചോദ്യത്തിന് അമ്മയെ എന്നായിരുന്നു ദീപുവിന്റെ ഉത്തരം. അരുണിന്റെ കണ്ണുകൾ നിറഞ്ഞു. അമ്മയെയല്ല അച്ഛനെ തരാമെന്ന് പറഞ്ഞ് ദീപുവിനെ അരുൺ സ്വന്തം മകനായി സ്വീകരിച്ചു.

ജിൻസി.ആർ.എസ്

9 എ

ലിറ്റിൽകൈറ്റ് നിഖിൽ എസ്

Poem

Mother my Angel !

Sun is so high
Shining with shy
Far away the sky
Flying dark birds
A cup of coffee
Calls me to raise
She is an angel
Showing me patience
Safe in her hands,
At day and night.
Heap of love
call me down
Back to the bed
Lie in her lap

Stories of heaven
From her I hear
love you my dear
Long ever in my life
Mother my flower
And I'm a bee
That comes to you
And drink from you
Word of your mind
Call me to live
Away from you
I'm nothing too...

by

Sreshta.M.S 7B

'God could not be everywhere,therefore he made mothers.'

Jewish proverb

GREAT THOUGHTS



Indira Gandhi



Ralph waldo Emerson



Milton



Jobert

MAY

May is the month
of sunshine and flowers
Birds in their nests,
And one or two showers
Games to play and kites to fly
or just looking at the sky
We could spend a year this way
If the year were made of May

Ardra Ajith

5 A

Poem

TEACHER

Thoughtful thinker who is
Excellent in educating.
Amazingly awesome student!
Classroom becomes a second
Home when teacher help and
Encourage so that student can
Reach their full potential!

By

Sreshta.7B

THE SAD PRINCESS

Once there was a king and a queen lived in a castle. They had a daughter. Her name is Jane. She was a beautiful princess but always sad. The queen offered a golden ring to those who changes her sad mind.

Many of the people in the country came to try. A young musician played a flute. A fairy caste a magic spell. But she remained sad. Finally there came a boy. He had a pet bear. While seeing the bear the princess became happy. The boy and the bear won the prize.

Manjima
7B

ज़िंदगी

ज़िंदगी एक सफर है,

कभी भी छूट जाएगा।

एक बार गए तो,

वापस कभी नहीं आएगा।

जब तक रहे यहाँ

मस्ती बने रहो।

दूसरों की करो मदद

बनाओ हर पल अमूल्य।

बेकार मत करो यह ज़िंदगी

बढो आगे ज़िंदगी

है अनमोल।

നന്ദനാരാജേഷ് 9 എ

ചിത്രീകരണം

സെൽഫി

ലിറ്റിൽകൈറ്റ് അനൂപ് ചന്ദ്രൻ

135 വർഷത്തെ അധ്യയന പാരമ്പര്യത്തിന്റെ മഹത്വവുമായി ഗവ. മോഡൽ ഹയർ സെക്കന്ററി സ്ക്രൂൾ നാടിന്നഭിമാനമായി, ഉണർവ്വായി ശിരസ്സുയർത്തി നിൽക്കുന്നു.

****